# ഗ്രാമഭൂമി

ദ്വൈമാസിക

മേയ്-ജൂൺ 2017
പുസ്തകം 40 ലക്കം 03

പ്രത്യേക പതിപ്പ്



## നേട്ടങ്ങളിൽ ചുവടുറപ്പിച്ച് ഇനിയും മുന്നോട്ട്

നവകേരളത്തിന്റെ 1ാം വർഷം



എല്ലാവർക്കും വീടൊരുങ്ങുന്നു
രോഗിസൗഹൃദ ആതുരാലയങ്ങൾ
പൊതുവിദ്യാഭ്യാസത്തിന് പുത്തനുണർവ്
നാട് സമ്പൂർണ ശുചിത്വത്തിലേക്ക്
വെളിയിട വിസർജനമുക്ത സംസ്ഥാനമെന്ന പദവിയിലേക്ക്
വികസനത്തിന്റെ പച്ചപ്പായി ഹരിതകേരളം
അടിസ്ഥാന സൗകര്യവികസനത്തിന് പുതിയ കുതിപ്പ്
ഗ്രാമസഭകൾക്ക് പുതുജീവൻ

**കേരളം ജനകീയാസൂത്രണത്തിന്റെ സുവർണകാലത്തിലേക്ക്**


റൂറൽ ഇൻഫർമേഷൻ ബ്യൂറോ
കേരള സർക്കാർ

ഗ്രാമഭൂമി
ദ്വൈമാസിക
റൂറൽ ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണം

2017 മേയ് – ജൂൺ
പുസ്തകം 40
ലക്കം 3

പ്രത്യേക പതിപ്പ്


## എഡിറ്റോറിയൽ

# ജനങ്ങളുടെ സർക്കാർ

ഒരു തിരിഞ്ഞുനോക്കലിന്റെ കാലമാണിത്. ഏറെ പ്രതീക്ഷകളോടെ ജനം നെഞ്ചിലേറ്റിയ ഒരു സർക്കാർ ഭരണത്തിൽ വന്നിട്ട് ഒരു വർഷം തികഞ്ഞിരിക്കുന്നു. ഈ ഒരു വർഷത്തിനുള്ളിൽ സർക്കാരിന് അഭിമാനാർഹമായ നിരവധി നേട്ടങ്ങൾ കർമ്മപഥത്തിലെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അവ പ്രധാനമായും ജനജീവിതത്തോട് വളരെ അടുത്തു നില്ക്കുന്നതുമാണ്. മനുഷ്യന്റെ ഏറ്റവും പ്രാഥമിക ആവശ്യങ്ങളിലൊന്നാണ് തലചായ്ക്കാൻ ഒരിടം. എല്ലാവർക്കും പാർപ്പിടം എന്ന ആശയം അതുകൊണ്ടു തന്നെ സ്വന്തമായി ഒരിടമില്ലാത്തവർക്ക് ഏറെ പ്രതീക്ഷ ഉളവാക്കുന്നതാണ്.

ഒരു വിധത്തിലുള്ള അഴിമതിയും ഈ സർക്കാർ അനുവദിക്കില്ലെന്ന ബഹു. വകുപ്പുമന്ത്രിയുടെ ഉറപ്പു നൽകൽ സാധാരണക്കാരെ ആശ്വസിപ്പിക്കുന്നതാണ്. മാത്രവുമല്ല ജനങ്ങളുടെ പാർപ്പിട പ്രശ്നത്തിനും മാലിന്യപ്രശ്നത്തിനും പരിഹാര മുണ്ടാക്കാനുള്ള ശ്രമത്തിലാണ് സർക്കാർ. എല്ലാവർക്കും മാന്യമായ ഇടമുള്ള കേരളമാണ് സർക്കാരിന്റെ ലക്ഷ്യം.

കേരളത്തിലെ ഗ്രാമങ്ങൾ വെളിയിട വിസർജനമുക്തമാക്കാൻ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഗ്രാമവികസന വകുപ്പിനു കഴിഞ്ഞിട്ടുണ്ട്. ഇതിനു പിന്നിൽ പ്രവർത്തകരുടെ ഒരു വലിയ നിരതന്നെയുണ്ട്. അവരെല്ലാവരും അഭിനന്ദനാർഹരുമാണ്.

ഏതായാലും വരുംവർഷങ്ങളിൽ ഗ്രാമീണ മേഖലയിൽ കൂടുതൽ വികസനവും സൗകര്യങ്ങളും നടപ്പാക്കാൻ ഗ്രാമവികസന വകുപ്പിനും ഈ സർക്കാരിനും കഴിയും എന്ന് പ്രതീക്ഷിക്കാം.

അജിതാ ദാസ്
ചീഫ് എഡിറ്റർ



**ഉപദേശക സമിതി ചെയർമാൻ:** ബി.എസ്. തിരുമേനി ഐ.എ.എസ്, ഗ്രാമവികസന കമ്മീഷണർ
**അംഗങ്ങൾ** വി.എസ്. സന്തോഷ്കുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-I, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന(i/c)
കെ. ഷൗക്കത്താലി, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ-II ● കെ. രാജേന്ദ്രൻ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ PMGSY
എ.വി. അശോക് കുമാർ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ RIDF ● പി.ജെ. ആന്റണി, ഡയറക്ടർ, കില-സി.എച്ച്.ആർ.ഡി
പി.കെ. മോഹനൻ, ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ, റൂറൽ പ്ലാനിംഗ് ● സി. മാധവൻ, ഡെപ്യൂട്ടി ഡയറക്ടർ (P&M) ● ദീപ, ഫിനാൻസ് ഓഫീസർ
● പി. അശോക് കുമാർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ചീഫ് എഡിറ്റർ **അജിതാദാസ്,** ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ എഡിറ്റർ **പി.കെ. ശ്രീവത്സകുമാർ,** കാമ്പയിൻ ഓഫീസർ
അസിസ്റ്റന്റ് എഡിറ്റർമാർ **സി . പ്രശാന്ത്** അസിസ്റ്റന്റ് കാമ്പയിൻ ഓഫീസർ, **ഷിജു ഏലിയാസ്**
സർക്കുലേഷൻ മാനേജർ **റ്റി. സനൽകുമാർ,** മാനേജർ കവർ & ലേ-ഔട്ട് **രതീഷ് കുമാർ** rash8590070404@gmail.com



ഓഫീസ് **റൂറൽ ഇൻഫർമേഷൻ ബ്യൂറോ,** ആറാം നില, സ്വരാജ് ഭവൻ,നന്തൻകോട്, കവടിയാർ.പി.ഒ
തിരുവനന്തപുരം – 3. ഫോൺ : 0471 2317262 email : ribkerala@gmail.com

# കത്തുകൾ



## പൊതു വിദ്യാഭ്യാസം മികവിലേക്ക്

കേരളത്തിലെ പൊതു വിദ്യാലയങ്ങൾ മികവിന്റെ പാതയിലാണ്. അൺ എയ്ഡഡ് സ്കൂളുകളാണ് മികച്ചതെന്ന രക്ഷിതാക്കളുടെ ചിന്ത മാറിത്തുടങ്ങി. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കും. ഡോ. പി.എസ്. ശ്രീകലയുടെ ലേഖനം ശ്രദ്ധേയമായി. അഭിനന്ദനങ്ങൾ.

സതീഷ് രാമകൃഷ്ണൻ, പാലക്കാട്

## ധീരമായ ചുവടുവയ്പുകൾ

ഗ്രാമഭൂമിയുടെ മാർച്ച് - ഏപ്രിൽ ലക്കം നവകേരള മിഷനുകളുടെ പ്രാധാന്യവും മുൻഗണനകളും വ്യക്തമാക്കുന്നതായി. ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്നിവ ധീരമായ ചുവടുവയ്പുകളാണെന്ന് പറയാതെ വയ്യ. ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യം യാഥാർത്ഥ്യമാവുമെന്നും കേരളത്തിന്റെ പച്ചപ്പും ജലസമ്പത്തും തിരിച്ചുവരുമെന്നും പ്രതീക്ഷിക്കാം.

പി. ഗോകുൽ പ്രസാദ്
മണാശ്ശേരി, കോഴിക്കോട്

## മാതൃഭാഷയുടെ മഹത്ത്വം

ലക്കം രണ്ടിൽ വട്ടപ്പറമ്പിൽ പീതാംബരൻ എഴുതിയ 'പെറ്റമ്മയെ ചിറ്റമ്മയാക്കുന്നു' എന്ന ലേഖനം മാതൃഭാഷയോടുള്ള മലയാളികളുടെ സമീപനത്തെ വരച്ചുകാട്ടുന്നതിൽ വിജയിച്ചു. ലേഖകനും ഗ്രാമഭൂമിക്കും നന്ദി. മാതൃത്വത്തെ അവഗണിച്ചുകൊണ്ടുള്ള മറുഭാഷാ പഠന സ്നേഹം മലയാളിക്ക് അലങ്കാരമല്ല. മക്കളെ മാതൃഭാഷ വായിക്കാനും എഴുതാനും പഠിപ്പിച്ചതിനു ശേഷമേ മറ്റു ഭാഷകൾ പഠിപ്പിക്കാവൂവെന്ന് രക്ഷിതാക്കൾ നിർബന്ധിക്കേണ്ടതുണ്ട്. ജോലിക്കായി അന്യസംസ്ഥാനങ്ങളിലും വിദേശത്തും താമസിക്കുന്ന ദമ്പതികൾ മക്കളെ മലയാളം പഠിപ്പിക്കാതെ നാട്ടിൽ വന്നാൽ അവർക്ക് മലയാള പത്രങ്ങളും പുസ്തകങ്ങളും വായിക്കാൻ സാധിക്കുമോ? സ്ഥലപ്പേര് വായിക്കാൻ സാധിക്കാതെ തനിയെ ബസ്സ് യാത്ര ചെയ്യാൻ അവർ ധൈര്യപ്പെടുമോ? സർക്കാർ ശ്രേഷ്ഠഭാഷയായി മലയാളത്തെ അംഗീകരിച്ചത് നിലനിന്നു കാണുവാൻ മലയാളികളെല്ലാവരും ശ്രേഷ്ഠതയോടെ മലയാളത്തെ സ്നേഹിക്കുക തന്നെ വേണം.

പി.ആർ. ജോസ്, ചൊവ്വൂർ




24 ഗ്രാമയാത്ര
മഴയുടെ മഹോത്സവം
രമേഷ്കുമാർ വെള്ളമുണ്ട


## അഭിമുഖം




7 നേട്ടങ്ങളിൽ ചുവടുറപ്പിച്ച് ഇനിയും മുന്നോട്ട്
ഡോ. കെ.ടി. ജലീൽ


## കവർസ്റ്റോറി


11 നേട്ടങ്ങളുടെ ഒരാണ്ട് ഗ്രാമവികസനവകുപ്പ് ജനങ്ങൾക്കൊപ്പം മുന്നോട്ട്
വി.എസ്. സന്തോഷ് കുമാർ




## പരിസ്ഥിതി


18 ഇതാണു ഹരിതകേരളം! വരാച്ചാലിന്റെ മാതൃക
ഷിജു ഏലിയാസ്

22 കുട്ടംപേരൂരാറ് കേരളത്തോട് പറയുന്നത്
പി.കെ. ശ്രീവത്സകുമാർ







15 മാതൃക
സമൃദ്ധിയുടെ നിറവിൽ നെടുമങ്ങാട് ബ്ലോക്ക്
പ്രശാന്ത്. സി

30 പദ്ധതി
റീച്ചാർജ് ചെയ്യൂ കിണർ നിറയ്ക്കൂ
ഡോ. ജോസ് സി. റാഫേൽ

34 വികസന വാർത്ത
പാവങ്ങൾക്ക് വീടൊരുക്കി വാട്ട്സ് ആപ് ഗ്രൂപ്പ്
അനീഷ്, തിരൂർ





36 വികസന ബ്ലോക്കുകളിലൂടെ
ചെറ്റക്കുടിലിൽ നിന്ന് പുത്തൻ വീട്ടിലേക്ക്
പി. കേശവദാസ്




## കവിത


20 മരത്തിനു സ്തുതി
സുഗതകുമാരി



**'ഗ്രാമഭൂമി' ദ്വൈവാർഷിക വരിസംഖ്യ 24 രൂപ**
**തപാലിൽ ലഭിക്കുവാൻ**
ചീഫ് ഓഫീസർ, റൂറൽ ഇൻഫർമേഷൻ ബ്യൂറോ
ആറാം നില, സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ.പി.ഒ,
തിരുവനന്തപുരം 695 003 എന്ന വിലാസത്തിൽ
**മണിയോർഡർ അയയ്ക്കുക** email : ribkerala@gmail.com



*ഗ്രാമഭൂമിയിൽ പ്രസിദ്ധീകരിക്കുന്ന രചനകളിലെ ആശയങ്ങളും അഭിപ്രായങ്ങളും ഗ്രാമവികസന വകുപ്പിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.*



സർക്കാരിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് ഗ്രാമവികസന വകുപ്പിന്റെ ഗ്രാമഭൂമി ദ്വൈമാസിക പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ സന്തോഷം. എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ
മുഖ്യമന്ത്രി



# നേട്ടങ്ങളിൽ ചുവടുറപ്പിച്ച് ഇനിയും മുന്നോട്ട്

**ഡോ. കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി



രാജ്യത്തെ മറ്റു സംസ്ഥാനങ്ങൾ അടുത്ത കാൽനൂറ്റാണ്ടുകൊണ്ട് ലക്ഷ്യം വയ്ക്കുന്ന സാമൂഹിക വികസന നേട്ടങ്ങൾ 80 കളിൽ തന്നെ സ്വന്തമാക്കിയ സംസ്ഥാനമാണ് കേരളം. ജനകീയാസൂത്രണത്തിലൂടെ കേരളം വീണ്ടും ചരിത്രം സൃഷ്ടിച്ചു.
ഈ നേട്ടങ്ങൾക്കു പിന്നിലുള്ള തെളിമയാർന്ന കാഴ്ചപ്പാടും ആത്മാർത്ഥമായ പരിശ്രമവും കേരളത്തിന്റെ നവോത്ഥാന-പുരോഗമന ചരിത്രത്തെ കൂടുതൽ തെളിവുറ്റതാക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഒരു വർഷത്തെ നേട്ടങ്ങൾ വിലയിരുത്തുകയാണ് വകുപ്പുമന്ത്രി ഡോ. കെ.ടി. ജലീൽ. ഗ്രാമഭൂമിക്ക് അനുവദിച്ച പ്രത്യേക അഭിമുഖത്തിൽ നിന്ന്.

**കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഗ്രാമവികസന വകുപ്പ് കൈവരിച്ച വലിയ നേട്ടമായി താങ്കൾ കരുതുന്നത് എന്താണ്? വിശദീകരിക്കാമോ?**

കേരളത്തിലെ ഗ്രാമങ്ങൾ വെളിയിട വിസർജ്ജന മുക്തമാക്കാൻ കഴിഞ്ഞത് ഈ വർഷമാണ്. ഈ നേട്ടം ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടു. ഗ്രാമീണ മേഖലയിൽ ഒരു ലക്ഷത്തി എഴുപത്തി നാലായിരം ഗാർഹിക കക്കൂസുകൾ അനുവദിച്ചു. ഇതിനുവേണ്ടി നടന്ന ബോധവത്കരണ പ്രവർത്തനങ്ങൾ പ്രത്യേകം എടുത്തുപറയണം. ഗ്രാമഗ്രാമാന്തരങ്ങളിൽ വ്യക്തിശുചിത്വത്തിന്റെയും ഗാർഹിക ശുചിത്വത്തിന്റെയും സന്ദേശമെത്തിക്കാൻ വികസന പ്രവർത്തകർക്കും സന്നദ്ധ പ്രവർത്തകർക്കും കഴിഞ്ഞു. പഞ്ചായത്തുകളിൽ വിപുലമായ കാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു. കുടുംബശ്രീ പ്രവർത്തകരും ആശാവർക്കർമാരും ഇതിൽ വലിയ പങ്ക് വഹിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരെയും ഭരണസമിതി അംഗങ്ങളെയും ഉദ്യോഗസ്ഥരെയും അവർ ഇക്കാര്യത്തിൽ കാണിച്ച താത്പര്യത്തിന്റെ പേരിൽ അഭിനന്ദിക്കാതെ വയ്യ.

**കേരളത്തിലെ ഗ്രാമങ്ങളിൽ 1,74000 – ഓളം ഗാർഹിക കക്കൂസുകൾ അനുവദിച്ചതായി താങ്കൾ പറഞ്ഞുവല്ലോ, ഇവിടുത്തെ ഗ്രാമങ്ങൾ വെളിയിട വിസർജ്ജനമുക്തമായി പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞു. ദാരിദ്ര്യത്തിന്റെ മറ്റു സൂചകങ്ങൾ ഇപ്പോഴും നിലനിൽക്കുകയല്ലേ?**

ദാരിദ്ര്യത്തിന്റെയും സാമൂഹിക പിന്നോക്കാവസ്ഥയുടെയും പൊതു പശ്ചാത്തലത്തിലാണ് സർക്കാർ ശുചിത്വപ്രശ്നത്തേയും കാണുന്നത്. പാർപ്പിടപ്രശ്നം, ഗ്രാമങ്ങളിലെ

തൊഴിലില്ലായ്മ എന്നിവയ്ക്ക് പരിഹാരമുണ്ടാക്കുന്നതിൽ സർക്കാരിനു വ്യക്തമായ കാഴ്ചപ്പാടും പരിപാടികളുമുണ്ട്. മാലിന്യപ്രശ്നത്തിന്റെ ആദ്യത്തെ ഇരകൾ ദരിദ്ര വിഭാഗങ്ങൾ തന്നെയാണ്. പരിസ്ഥിതി നാശത്തിന്റെയും പ്രകൃതി വിഭവ ചൂഷണത്തിന്റെയും ദൂഷ്യഫലങ്ങൾ ആദ്യമെത്തുന്നതും അവരിലാണ്. അതിന്റെ തീവ്രത ഏറ്റവും കൂടുതൽ അനുഭവിക്കുന്നതും ദരിദ്രരും ദുർബല വിഭാഗങ്ങളുമാണ്. ഉടുതുണിക്ക് മറുതുണിയില്ലാത്തവരും സ്വന്തം ജീവിത മാർഗ്ഗം കണ്ടെത്താൻ കഴിയാത്തവരുമായ അഗതികളുടെയും അശരണരുടേയും കാര്യത്തിൽ പ്രത്യേക കരുതൽ ഉണ്ടാകണമെന്ന് സർക്കാരിന് നിർബന്ധമുണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലൂടെയും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലൂടെയും പാവപ്പെട്ട രോഗികൾക്ക് കൂടുതൽ മെച്ചപ്പെട്ട പരിചരണം ഉറപ്പുവരുത്താൻ സർക്കാർ ശ്രമിക്കുന്നുണ്ട്. ദരിദ്ര-ദുർബല വിഭാഗങ്ങൾ കൂടുതലായി ആശ്രയിച്ചു വരുന്ന വിദൂര ഗ്രാമങ്ങളിലെ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനും അവിടങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ലൈഫ് പദ്ധതിയിലൂടെ അർഹരായ എല്ലാവർക്കും വീട് ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനം നടക്കുകയാണ്. മണ്ണും ജലവും സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ കൂടുതലായി ഏറ്റെടുക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറായിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ എല്ലാ രൂപങ്ങളും ഇല്ലാതാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. അത് പറച്ചിലിൽ ഒതുക്കാതെ വ്യക്തമായ കർമ്മ പദ്ധതികളുമായി മുന്നോട്ടു പോവുകയാണ് ഈ സർക്കാർ ചെയ്യുന്നത്.

**എല്ലാവർക്കും വീട് എന്ന ലൈഫിന്റെ ലക്ഷ്യം എത്ര മാത്രം പ്രായോഗികമാണ്? ഇ.എം.എസ് ഭവനപദ്ധതിയിലും ഇതുതന്നെയായിരുന്നല്ലോ പ്രഖ്യാപിച്ചത്. പക്ഷെ ലക്ഷ്യം നേടാനായില്ല.**

നവകേരള സൃഷ്ടിക്കായുള്ള നാല് മിഷനുകളുടെയും ശിൽപി ബഹുമാന്യനായ നമ്മുടെ മുഖ്യമന്ത്രി തന്നെയാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ലൈഫ് മിഷൻ അഥവാ സമ്പൂർണ്ണ പാർപ്പിട പദ്ധതി.

സ്വന്തമായി വീടെന്ന സ്വപ്നത്തിലേക്കെത്താൻ 2 ലക്ഷത്തോളം കുടുംബങ്ങളെ സഹായിച്ചത് മുൻ ഇടതുസർക്കാർ തുടക്കമിട്ട ഇ.എം.എസ് ഭവനപദ്ധതിയാണ്. അത് മുന്നോട്ടു കൊണ്ടു പോകാൻ യു.ഡി.എഫ് സർക്കാർ തയ്യാറായിരുന്നെങ്കിൽ ഇന്ന് കേരളം ഇത്ര വലിയ പാർപ്പിട പ്രശ്നം നേരിടേണ്ടി വരുമായിരുന്നില്ല. മഹാനായ ഇ.എം.എസിന്റെ പേരിലായതു കൊണ്ടാണോ എന്നറിയില്ല, ആ പദ്ധതി തുടരാൻ കഴിഞ്ഞ സർക്കാർ തയ്യാറായില്ല. മറ്റൊരു കാര്യം കൂടി ഇതിനോട് ചേർത്ത് പറയണം. കൂടുതൽ പേരെ ദാരിദ്ര്യത്തിലേക്കും വീടില്ലാത്ത അവസ്ഥയിലെക്കും തള്ളിവിടുന്ന ആഗോളവത്ക്കരണ - ഉദാരവത്ക്കരണ - സ്വകാര്യവത്ക്കരണ നയങ്ങളാണ് നമ്മുടെ രാജ്യത്ത് നടപ്പിലുള്ളത്. ഇന്ന് വീടില്ലാതെ വിഷമിക്കുന്ന ആയിരങ്ങൾ അഞ്ചോ പത്തോ വർഷങ്ങൾക്കു മുമ്പ് ഇതിനേക്കാൾ ഭേദപ്പെട്ട അവസ്ഥയിൽ ജീവിച്ചിരുന്നവരാണ്. ദാരിദ്ര്യത്തിനെതിരായ നടപടികൾ എളുപ്പമോ സുഖകരമോ ആണെന്ന തോന്നൽ സർക്കാരിനില്ല. കേന്ദ്ര നയങ്ങളുടെ ചട്ടക്കൂടിനുള്ളിലാണ് സർക്കാർ പ്രവർത്തിക്കുന്ന

**ദാരിദ്ര്യത്തിന്റെ എല്ലാ രൂപങ്ങളും ഇല്ലാതാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. അത് പറച്ചിലിൽ ഒതുക്കാതെ വ്യക്തമായ കർമ്മ പദ്ധതികളുമായി മുന്നോട്ടുപോവുകയാണ് ഈ സർക്കാർ ചെയ്യുന്നത്.**



ത്. പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുന്നതിലും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കു വഹിക്കാനാകും. അതിന് അവയെ എല്ലാ വിധത്തിലും സഹായിക്കുക എന്നതാണ് സർക്കാരിന്റെ നയം. വികസനത്തോടു പൊതുവിലും ദാരിദ്ര്യത്തിന്റെ പ്രശ്നത്തോടു വിശേഷിച്ചും സർക്കാർ പുലർത്തുന്ന സമീപനത്തിന്റെ ഭാഗമാണത്.

**കേരളം വലിയൊരു പാരിസ്ഥിതിക ദുരന്തത്തിന്റെ വക്കിലല്ലേ? ശുദ്ധജലവും ജീവനുള്ള മണ്ണും അന്യമായിക്കൊണ്ടിരിക്കുന്നു. സർക്കാർ ഇതിനെ എത്രമാത്രം ഗൗരവമായി കാണുന്നുണ്ട്?**

പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണത്തിന് സർക്കാർ എതിരാണ്. പ്രകൃതിയെ സംരക്ഷിക്കാതെ സ്ഥായിയായ വികസനം സാധ്യമല്ല. മണ്ണും ജലവും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കുന്നതിനും മാലിന്യമുക്ത കേരളം സൃഷ്ടിക്കുന്നതിനും പ്രചോദനവും മാർഗ്ഗദർശനവും നൽകാനാണ് ഹരിതകേരളം മിഷൻ രൂപീകരിച്ചിട്ടുള്ളത്. ജലസംരക്ഷണത്തിന്റെ സന്ദേശം ജനങ്ങൾ ഏറ്റെടുത്തു കഴിഞ്ഞു. രാജ്യത്തിനു മുഴുവൻ മാതൃകയാക്കാവുന്ന എത്രയോ പ്രവൃത്തികൾ ഇതിനകം പൂർത്തിയായി. പല പ്രവൃത്തികളും ഉത്സവച്ഛായയോടെയാണ് നടന്നത്. അതിൽ മാധ്യമ ശ്രദ്ധ ലഭിച്ചവ മാത്രമല്ല, അർഹമായ ശ്രദ്ധ കിട്ടാതെ പോയവയും ഉണ്ട്. പത്തനംതിട്ട ജില്ലയിലെ വരാച്ചാൽ പുനരുദ്ധരിച്ചത്, കുട്ടംപേരൂർ ആറിൽ നവീകരണ പ്രവൃത്തികൾ നടത്തിയത് - കൂടുതൽ ഉദാഹരണങ്ങൾ നൽകുന്നത് തുല്യ പ്രാധാന്യമുള്ള മറ്റ് പ്രവൃത്തികളെ അവഗണിക്കലാകും എന്നതുകൊണ്ട് അത് ചെയ്യുന്നില്ല. തെക്കുപടിഞ്ഞാറൻ മൺസൂൺ എത്തുന്നതിനു മുമ്പ് കൂറേയധികം പ്രവൃത്തികൾ കൂടി പൂർത്തിയാകും. ജലസംരക്ഷണ പ്രവൃത്തികൾ നാട്ടിൽ തരംഗമായിക്കഴിഞ്ഞു എന്ന് വേണമെങ്കിൽ പറയാം. സർക്കാരിന്റെ ദിശാബോധവും കാഴ്ചപ്പാടുമാണ് ഈ വലിയ മുന്നേറ്റത്തിന് കേരളത്തെ സജ്ജമാക്കിയത്. പച്ചക്കറി കൃഷിയുടെ പ്രോത്സാഹനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നത്തേതിലും വലിയ പ്രാധാന്യം നൽകുന്നുണ്ട്.

**തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ഏകീകരണമാണല്ലോ സർക്കാരിന്റെ നയം. വലിയ ചരിത്രവും പാരമ്പര്യവുമുള്ള ഗ്രാമവികസന വകുപ്പ് അതോടെ ഇല്ലാതാവുകയില്ലേ?**

തദ്ദേശ സ്വയംഭരണത്തിന് ഒരു പൊതു സർവീസ് എന്നത് കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ളതാണ്. വകുപ്പുകളുടെ ഏകീകരണം ഗ്രാമവികസനത്തെ ദുർബലമാക്കുകയല്ല, ശക്തിപ്പെടുത്തുകയാണ് ചെയ്യുക. ഈ രംഗത്തെ ഏകോപനമില്ലായ്മ പരിഹരിക്കുന്നതിനും കാര്യക്ഷമത

**പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണത്തിന് സർക്കാർ എതിരാണ്. പ്രകൃതിയെ സംരക്ഷിക്കാതെ സ്ഥായിയായ വികസനം സാധ്യമല്ല.**

ഉറപ്പുവരുത്തുന്നതിനും ഇത് സഹായകമാകും. തസ്തികകളും സ്ഥാനക്കയറ്റവും സംബന്ധിച്ച ആശങ്കയാണ് ചില കേന്ദ്രങ്ങൾ ഉന്നയിച്ചത്. അത് അസ്ഥാനത്താണെന്ന് അവർക്കു തന്നെ ഇതിനകം ബോധ്യപ്പെട്ടിട്ടുണ്ടാകും. ജീവനക്കാരുടെ സേവനവേതന താത്പര്യങ്ങളെ വകുപ്പുകളുടെ ഏകീകരണം ഒരു തരത്തിലും അപകടപ്പെടുത്തുകയില്ല. എല്ലാവരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാർ തുറന്ന മനസ്സോടെ പരിഗണിക്കും.

**ഗ്രാമസഭകളും വാർഡുസഭകളും ശുഷ്കമായിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഗ്രാമസഭകളെ ശക്തിപ്പെടുത്തിക്കൊണ്ടല്ലേ ജനകീയാസൂത്രണം വിജയിപ്പിക്കാൻ കഴിയൂ. സർക്കാർ കാണുന്ന മാർഗ്ഗമെന്താണ്?**

ജനങ്ങൾ ഭരണത്തിൽ നേരിട്ട് പങ്കാളികളാകുന്നത് വാർഡ്-ഗ്രാമസഭകളിലൂടെയാണ്. ജനകീയാസൂത്രണത്തിന്റെ തുടക്കത്തിൽ ഉണ്ടായിരുന്ന ജനപങ്കാളിത്തം വാർഡ്-ഗ്രാമസഭകളിൽ ഇപ്പോഴില്ലെന്ന നിരീക്ഷണം ഗൗരവമുള്ളതാണ്. വാർഡ്-ഗ്രാമസഭകളെ ശാക്തീകരിക്കുന്നതിനുള്ള വലിയൊരു കാമ്പെയിനിന് സർക്കാർ നേതൃത്വം നൽകി വരികയാണ്. ഗ്രാമസഭ തന്റേതല്ല എന്ന ചിന്ത എത്ര ഉന്നതസ്ഥാനത്തിരിക്കുന്നവർക്കും നല്ലതല്ല. ചീഫ് സെക്രട്ടറിയടക്കമുള്ള ഉദ്യോഗസ്ഥരും മന്ത്രിമാരടക്കമുള്ള ജനപ്രതിനിധികളും സ്വന്തം വാർഡ്-ഗ്രാമസഭകളിൽ പങ്കെടുക്കണമെന്നതാണ് സർക്കാർ നൽകിയ നിർദ്ദേശം.

**തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിശേഷിച്ച് ഗ്രാമവികസന വകുപ്പിന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളിൽ എത്രമാത്രം തൃപ്തിയുണ്ട്?**

കേരളത്തിന്റെ വികസന ചരിത്രത്തിൽ പുതിയൊരു ദിശാബോധം സൃഷ്ടിക്കുന്ന ബൃഹത്പദ്ധതികൾക്കാണ് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. ഈ പദ്ധതികൾ ലക്ഷ്യത്തിലെത്തിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പങ്ക് പ്രത്യേകം പറയേണ്ടതില്ലല്ലോ. ജനകീയാസൂത്രണത്തിന്റെ സുവർണ്ണ കാലത്തിലേക്കാണ് കേരളം കാലെടുത്തു വയ്ക്കുന്നത്. ഈ സർക്കാർ അതിന്റെ കാലാവധി പൂർത്തിയാക്കുമ്പോൾ കേരളത്തിന്റെ ചിത്രം മറ്റൊന്നായിരിക്കും.

**കേരളത്തിൽ ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പിലാണെന്ന വിജിലൻസിന്റെ കണ്ടെത്തലിനെപ്പറ്റി എന്തുപറയുന്നു?**

അതിന്റെ വസ്തുത വിശദമാക്കിക്കൊണ്ട് അന്നുതന്നെ പത്രക്കുറിപ്പ് നൽകിയിരുന്നു. തദ്ദേശ ഭരണസ്ഥാപനങ്ങളിലെ അഴിമതിയെക്കുറിച്ചാണ് വിജിലൻസ് പറഞ്ഞത്. കേൾക്കുന്നവർ തെറ്റിദ്ധരിക്കാതിരിക്കാൻ വേണ്ടി മാത്രമാണ് ഇത് വ്യക്തമാക്കുന്നത്. ഇതിനർത്ഥം തദ്ദേശ സ്ഥാപനങ്ങളിൽ അഴിമതിയുണ്ടെന്ന വസ്തുതയുടെ ഗൗരവം സർക്കാർ കുറച്ചുകാണുന്നുവെന്നല്ല. അഴിമതിക്കെതിരെ ഈ സർക്കാരിന് ഉറച്ച നിലപാടുണ്ട്. അഴിമതിക്കാർക്ക് സംരക്ഷണം നൽകുന്ന ഒരു നടപടിയും സർ

ക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവുകയില്ല. ഈ പ്രശ്നത്തെ സൂക്ഷ്മമായ അർത്ഥത്തിൽ സമീപിക്കണമെന്നാണ് എന്റെ പക്ഷം. അഴിമതി എത്ര മഹത്തായ ലക്ഷ്യങ്ങളെയും അട്ടിമറിക്കും. ഭരണത്തിലെ സുതാര്യത ഇല്ലാതാക്കും. സർക്കാരിന്റെ സേവനങ്ങളും അനുകൂല്യങ്ങളും അനർഹരുടെ കൈകളിലെത്തിക്കും. അർഹതയുള്ളവർ അവഗണിക്കപ്പെടുന്നതിന് ഇടയാക്കും. നല്ല തീരുമാനങ്ങൾക്കു പിന്നിൽ പോലും തെറ്റായ ലക്ഷ്യങ്ങളുണ്ടെന്ന് ചിന്തിക്കാൻ അത് ജനങ്ങളെ പ്രേരിപ്പിക്കും. അഴിമതി ചെറുതായാലും വലുതായാലും



അഴിമതി ഇല്ലാതാക്കുക എന്നത് ഉദ്യോഗസ്ഥന്മാരുടെ പ്രബുദ്ധതയെ മാത്രം ആശ്രയിച്ചു നിൽക്കുന്ന ഒന്നാണെന്ന് ഈ സർക്കാർ കരുതുന്നില്ല.

അഴിമതി തന്നെയാണ്. അതിനെതിരെ വിട്ടുവീഴ്ച പാടില്ല. അഴിമതിക്ക് അനുവദനീയമായ അളവില്ല തന്നെ.

അഴിമതി എന്നാൽ അത് കൈക്കൂലി മാത്രമാണെന്ന തോന്നൽ ചിലർക്കുണ്ട്. അത് ശരിയല്ല. ജനങ്ങൾ ഭരണത്തെ കാണുന്ന രീതിയുണ്ട്. അത് അഴിമതിയെ നിയമം എങ്ങനെ നിർവചിക്കുന്നു എന്നതുപോലെയോ അതിനേക്കാളോ പ്രധാനമാണ്. അനർഹരായവർക്ക് ആനുകൂല്യമോ സേവനമോ നൽകുന്നത് അഴിമതിയാണ്. അർഹതയുള്ളവർക്ക് സേവനങ്ങൾ നൽകാതിരിക്കുന്നതും അഴിമിതി തന്നെയാണ്. കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതു മുതൽ ക്ഷേമപെൻഷൻ അനുവദിക്കുന്നതുവരെയുള്ള എല്ലാ സേവനങ്ങൾക്കും ഇതു ബാധകമാണ്. തീരുമാനങ്ങൾ അകാരണമായിവൈകിപ്പിക്കുന്നതും ജനങ്ങളുടെ കണ്ണിൽ അഴിമതിയാണ്. ആദ്യം വരുന്നവരെ മാറ്റി നിർത്തി പിന്നീട് വരുന്നവർക്ക് സേവനങ്ങൾ നൽകുന്നതും തെറ്റാണ്. അപേക്ഷകൾ പരിഗണിക്കുന്നതിൽ കൃത്യമായ സമയക്രമം പാലിക്കണം. ഓരോ സേവനത്തിനും ആനുകൂല്യത്തിനും എന്തൊക്കെ രേഖകൾ ആവശ്യമുണ്ടെന്നും എത്ര ദിവസങ്ങൾക്കകം തീർപ്പു നൽകണമെന്നും മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും പരസ്യപ്പെടുത്തിയിട്ടുണ്ട്. അത് പാലിക്കാൻ കഴിയണം. ഏതു തീയതി വരെയുള്ള അപേക്ഷകൾ പരിഗണിച്ചുവെന്ന് എപ്പോൾ ചോദിച്ചാലും പറയാൻ ബന്ധപ്പെട്ടവർക്കു കഴിയണം. ജനങ്ങളെ അറിയിക്കാൻ പറ്റാത്തതായി ഒന്നും ഒരു തദ്ദേശഭരണ സ്ഥാപനത്തിനുമുണ്ടാകരുത്. സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിൽ മുൻഗണന വേണം. ഈ നയത്തിനെതിരെ പ്രവർത്തിക്കുന്ന ഒരാളും ഈ സർക്കാരിൽ നിന്ന് ഒരു ദയയും പ്രതീക്ഷിക്കേണ്ടതില്ല.

അഴിമതി ഇല്ലാതാക്കുക എന്നത് ഉദ്യോഗസ്ഥന്മാരുടെ പ്രബുദ്ധതയെ മാത്രം ആശ്രയിച്ചു നിൽക്കുന്ന ഒന്നാണെന്ന് ഈ സർക്കാർ കരുതുന്നില്ല. തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൽ ജനങ്ങളുടെ ജാഗ്രത പ്രധാനമാണ്. ഗ്രാമസഭകളും വാർഡുസഭകളും സജീവമാകണം. വികസന പ്രശ്നങ്ങളും തീരുമാനങ്ങളും വിശദമായി ചർച്ച ചെയ്യുന്നതിനും പോരായ്മകൾ ചൂണ്ടിക്കാട്ടി തിരുത്തുന്നതിനുമുള്ള വേദികളായി വാർഡ്-ഗ്രാമസഭകൾ മാറണം. വർക്കിംഗ് ഗ്രൂപ്പ് മുതലായ ജനകീയ പിന്തുണാ സംവിധാനങ്ങൾ ശക്തമാകണം. അഴിമതി ഇല്ലാതാക്കുക എന്ന വലിയ ലക്ഷ്യത്തിലേക്ക് എളുപ്പവഴിയില്ല.

ബഹുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി കൊണ്ടുവന്ന ഫോർ ദ പീപ്പിൾ എന്ന ഓൺലൈൻ സംവിധാനം ഫലപ്രദമാണെന്ന് തെളിഞ്ഞു കഴിഞ്ഞു. അഴിമതിക്കാരെന്നു കണ്ടെത്തിയവർക്കെതിരെ ശക്തമായ നടപടിയുണ്ടാകുന്നുണ്ട്. ഇതിനകം പത്തോളം പേർക്കെതിരെ സസ്പെൻഷനടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരക്കാരെ സംരക്ഷിക്കാൻ ജീവനക്കാരുടെ ഒരു സംഘടനയും മുന്നോട്ടു വന്നില്ലെന്നത് നൽകുന്ന ആശ്വാസം ചെറുതല്ല. ഇക്കാര്യത്തിൽ അവരെ അഭിനന്ദിച്ചേ മതിയാകൂ.

**എന്തൊക്കെയാണ് വകുപ്പിന്റെ അടിയന്തര ലക്ഷ്യങ്ങൾ? മുൻഗണനകളെപ്പറ്റി പറയാമോ?**

വിദൂര ലക്ഷ്യങ്ങളെയും അടിയന്തര ലക്ഷ്യങ്ങളെയും കോർത്തിണക്കുന്ന വിശദമായ കർമ പരിപാടി സർക്കാരിനുണ്ട്. പാർപ്പിട പ്രശ്നത്തിനും മാലിന്യ പ്രശ്നത്തിനും പൂർണ പരിഹാരമുണ്ടാകണമെന്ന് ജനങ്ങൾ ആഗ്രഹിക്കുന്നു. ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ജീവനോപാധികൾ ശക്തമാകണം. മണ്ണും ജലവും പ്രകൃതിവിഭവങ്ങളും സംരക്ഷിച്ചുകൊണ്ടാകണം വികസനം. എല്ലാവർക്കും ഗുണമേന്മയുള്ള ആരോഗ്യ പരിരക്ഷയും മികച്ച വിദ്യാഭ്യാസ സൗകര്യങ്ങളും ലഭ്യമാകണം. അഗതികളുടെ പുനരുദ്ധാരണവും പാലിയേറ്റീവ് പരിചരണവും പ്രധാനമാണ്. സ്ത്രീകൾക്കും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും കൂടുതൽ അംഗീകാരവും അവസരങ്ങളും ലഭിക്കണം. ആരും അവഗണിക്കപ്പെട്ടുകൂടാ. എല്ലാവർക്കും മാന്യമായ ഇടമുള്ള കേരളം എന്നതാണ് ലക്ഷ്യം. അഴിമതിയും കെടുകാര്യസ്ഥതയും വച്ചുപൊറുപ്പിക്കില്ല. ഈ സർക്കാർ ജനങ്ങൾക്കൊപ്പമാണ്.●





# നേട്ടങ്ങളുടെ ഒരാണ്ട് ഗ്രാമവികസനവകുപ്പ് ജനങ്ങൾക്കൊപ്പം മുന്നോട്ട്

**വി.എസ്. സന്തോഷ് കുമാർ**

സ്വതന്ത്ര ഇന്ത്യയിൽ ജനകീയ വികസന സങ്കല്പങ്ങളുടെ പ്രഭാവം നിലനിർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചത് സാമൂഹിക വികസന പ്രസ്ഥാനമാണ്. മഹാത്മാഗാന്ധിയുടെ അന്ത്യോദയ സങ്കല്പത്തിന്റെ വക്താക്കളായി നിലകൊണ്ട ഗ്രാമവികസന വകുപ്പുകളുടെ ചരിത്രം ഗ്രാമീണ ഇന്ത്യയുടെ മാറ്റങ്ങളുടേയും പുരോഗതിയുടേയും ചരിത്രമാണ്. പിന്നിട്ട വർഷത്തെ കേരള സംസ്ഥാന ഗ്രാമവികസന വകുപ്പിന്റെ നേട്ടങ്ങൾ അതിന് അടിവരയിടുന്നു.

## ഈ ചരിത്രവും ഈ പാരമ്പര്യവും

ലോകനിലവാരമുള്ള സാമൂഹിക നേട്ടങ്ങളിലേക്കുള്ള കേരളത്തിന്റെ മുന്നേറ്റത്തിന് സംസ്ഥാന ഗ്രാമവികസന വകുപ്പ് അതിന്റെ സംഭാവനകൾ നൽകിയിട്ടുണ്ട്. നവോത്ഥാനത്തിന്റെ നന്മകൾക്കു തുടർച്ച നൽകിയ ജനാധിപത്യ സർക്കാരുകൾ അർപ്പിച്ച വിശ്വാസം കാത്തു സൂക്ഷിച്ച വികസന പ്രവർത്തകരിലൂടെയാണ് നാടിന്റെ മുഖച്ഛായ മാറ്റിയ ബൃഹത്പദ്ധതികൾ ജനങ്ങളിലെത്തിയത്. ലോകം ഉറ്റുനോക്കിയ ഹരിത വിപ്ലവത്തിന്റെയും ധവള വിപ്ലവത്തിന്റെയും മഹത്തായ വിജയങ്ങൾക്ക് ചുക്കാൻ പിടിച്ച ഗ്രാമവികസന പ്രസ്ഥാനം രാജ്യത്തിന്റെ ചരിത്രത്തോടൊപ്പം നടന്നു. രൂപഭാവങ്ങൾ മാറിമാറി വന്ന സ്വയം തൊഴിൽ പരിപാടികളിലൂടെയും സ്ത്രീശാക്തീകരണ



**മികവിന്റെ ഒരു വർഷം പൂർത്തിയാകുമ്പോൾ സംസ്ഥാന ഗ്രാമവികസന വകുപ്പ് കൂടുതൽ മികച്ച നേട്ടങ്ങളിലേക്കുള്ള കുതിപ്പിന് ഒരുങ്ങിക്കഴിഞ്ഞു.**

**കേരളത്തെ ലോകശ്രദ്ധയിൽ നിർത്തുന്ന സാമൂഹിക വികസന നേട്ടങ്ങൾക്ക് ഒരു ചരിത്രമുണ്ട്. അത് അനീതികളിൽ നിന്നുള്ള കുതറലുകളുടേയും അടങ്ങാത്ത ഉത്കർഷേച്ഛയുടേയും നാൾവഴി രേഖകൾ നിറഞ്ഞതാണ്.**




സംരംഭങ്ങളിലൂടെയും ദാരിദ്ര്യ നിർമാർജന പദ്ധതികളിലൂടെയും ദേശീയ സർക്കാരിന്റെ ഗ്രാമവികസന ലക്ഷ്യങ്ങൾ ജനങ്ങളിലെത്തി. ജനങ്ങളുടെ കാർഷിക ശീലങ്ങളിലും ശുചിത്വ ശീലങ്ങളിലും, ആഹാരരീതികളിൽ പോലും, അതു മാറ്റം വരുത്തി. കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള ലക്ഷക്കണക്കിനു ഗ്രാമങ്ങൾക്കൊപ്പം കേരളത്തിന്റെ മുക്കിലും മൂലയിലും വികസനത്തിന്റെ സന്ദേശം എത്തി. പ്രചോദനത്തിന്റെ നേരിയ വൈഖരി പോലും ജനങ്ങളുടെ ഹൃദയത്തെ തൊട്ടു. അവരുടെ സംസ്കാരത്തിൽ ഇടപെട്ടു.

രണ്ടാം ലോക മഹായുദ്ധം സമ്മാനിച്ച വറുതിയിൽ നിന്ന് രാജ്യം കരകയറിയത് ഗ്രാമഗ്രാമാന്തരങ്ങിൽ മുഴങ്ങിയ വികസനത്തിന്റെ സന്ദേശം ജനങ്ങൾ നെഞ്ചിലേറ്റിയപ്പോഴാണ്. പുതിയ വിത്തിനങ്ങൾ പ്രചാരത്തിൽ വന്നു. യന്ത്രങ്ങൾ വന്നു. രാസവളങ്ങൾ പ്രചരിച്ചു. രാസകീടനാശിനികൾ ഉപയോഗത്തിലായി. സങ്കരയിനം കന്നുകാലികൾ എത്തി. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം വർദ്ധിച്ചു. പാലുല്പാദനം പല മടങ്ങായി. പട്ടിണി മാഞ്ഞു തുടങ്ങി. കൃഷിക്കൊരു സർക്കാർ വകുപ്പെന്ന ആശയം കേട്ടുകേൾവി മാത്രമായിരുന്ന നാടുകളിൽ പോലും ഹരിത വിപ്ലവം തരംഗമായി. മൃഗസംരക്ഷണത്തിന് പ്രത്യേക വകുപ്പോ ഉദ്യോഗസ്ഥൻമാരോ ഇല്ലാതിരുന്നിട്ടും നാടുകൾ ക്ഷീര സമൃദ്ധിയിലേക്ക് മുന്നേറി. വണ്ടിയും വള്ളവും എത്താത്ത ഗ്രാമങ്ങളിലേക്ക് വികസന പ്രവർത്തകർ കടന്നുചെന്നു. ബ്ലോക്കുകൾ വികസന പ്രവർത്തനത്തിന്റെ കേന്ദ്രങ്ങളായി.

സാമ്പത്തിക വളർച്ചയുടെയും വികാസത്തിന്റെയും കണക്കുകൾക്ക് നടുവിലും വിജയത്തിന്റെ കഥകളെ നിറം കെടുത്തി വറുതിയുടെ പീതരേഖകൾ ബാക്കി നിന്നു. ദാരിദ്ര്യത്തിന്റെ ദൂഷിത വലയം തകർക്കാൻ വിരാമമില്ലാത്ത പരിശ്രമം വേണമെന്ന മുറവിളി ഉയർന്നു. ഗ്രാമവികസന പദ്ധതികൾ വികാസത്തിന്റെ പാർശ്വഫലങ്ങൾക്ക് ഇരകാളാകുന്നവരേയും ഓരങ്ങളിലേക്ക് അകറ്റി നിർത്തുന്നവരേയും ചേർത്തുപിടിച്ചു. വികസന പ്രവർത്തകർ മാഹാത്മാഗാന്ധി മുതൽ രബീന്ദ്രനാഥടാഗോർ വരെയുള്ള മഹാരഥൻമാർ താലോലിച്ച വികസന സങ്കൽപങ്ങളുടെ നാവായി. ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മഹാപ്രസ്ഥാനത്തിന്റെ തുടർച്ചയായി.

## നവകേരളത്തിന്റെ നാൾവഴി

കേരളത്തെ ലോകശ്രദ്ധയിൽ നിർത്തുന്ന സാമൂഹിക വികസന നേട്ടങ്ങൾക്ക് ഒരു ചരിത്രമുണ്ട്. അത് അനീതികളിൽ നിന്നുള്ള കുതറലുകളുടേയും അടങ്ങാത്ത ഉത്കർഷേച്ഛയുടേയും നാൾവഴി രേഖകൾ നിറഞ്ഞതാണ്.

ശുദ്ധജലവും പുഷ്ടിയുള്ള മണ്ണും പുതപ്പിച്ച പച്ചയിൽ വിളഞ്ഞ പൊന്നിന്റെ വിലയാണ് മലയാളി അഭിമാനം കൊള്ളുന്ന ഈ നാടിന്റെ ചരിത്രം. കടൽ കടന്നെത്തിയ വിദേശികളെ ഇണങ്ങിയും പിണങ്ങിയും വരവേറ്റ കേരളം പ്രകൃതിയുടെ സ്നേഹലാളനകൾ കൊണ്ട് അവരെ എന്നും വിസ്മയിപ്പിച്ചു. ഇത്ര നിർമ്മലമായ മണ്ണും വിണ്ണും ഇവിടെ മാത്രമെന്ന് ലോകം വിസ്മയം കൂറി.

തീയിൽ കുരുത്ത നേരുകളുടെ പോർനിലങ്ങളിൽ കൊടുങ്കാറ്റൂതിയ കേരളം നവോത്ഥാനത്തിന്റെ ശംഖു മുഴക്കി. അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും കുഴിച്ചുമൂടി. ഇന്ത്യ എന്ന വികാരത്തോടെ ഉണർന്നു. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനു നേരെ പോർക്കലി തുള്ളി. ജന്മി-മാടമ്പി വാഴ്ചക്കെതിരെ വിമോചനത്തിന്റെ കൊടിക്കൂറ പറത്തി. പഠിച്ചും എല്ലുമുറിയെ പണിതും സ്വന്തം കാലിൽ നിവർന്നു. ആയുസ്സും ആരോഗ്യവും കൊണ്ട് വളർന്ന് ലോകത്തിന്റെ നിറുകയിൽ തൊട്ടു. അക്ഷരം വെളിച്ചം പകർന്ന മാനവവികസനത്തിന്റെ വഴികൾ ചവിട്ടി. ചരിത്രം സ്വയം നിർമ്മിച്ചു. കേരളത്തിന്റെ വികസന മാതൃക നാടുകൾക്കപ്പുറം പുകൾ പെറ്റു.



പണിശാലകളുടെ വാതിലുകൾ തുറന്നിട്ട് ലോകം മലയാളിയെ സ്വീകരിച്ചു. പ്രവാസത്തിന്റെ വിയർപ്പിലും കണ്ണീരിലും പൊന്നും പണവും വന്നു. നാട് വികസനത്തിന്റെ പുതിയ ഉയരങ്ങൾ താണ്ടി. റോഡുകളും പാലങ്ങളും ദൂരങ്ങൾ ചെറുതാക്കി. നിരത്തുകളിൽ വാഹനങ്ങൾ നിരന്നു. കൂറ്റൻ കോൺക്രീറ്റ് എടുപ്പുകൾ തലപൊക്കി. ഫോണും പിന്നീട് മൊബൈൽ ഫോണും ഇന്റർനെറ്റും പ്രചരിച്ചു.

## വെല്ലുവിളികളുടെ കാലം

വൻകരകളുടെ അതിരുകൾ ഭേദിച്ചെത്തിയ, മാറിയ വികസന മുൻഗണനകൾ നമ്മുടെ രാജ്യത്തേയും മാറ്റി. 'ഹൃദയശൂന്യമായ രൊക്കം പൈസ' ലോകത്തിന്റെ നയമായതോടെ, ഉപഭോഗ സംസ്കാരം കുത്തിയൊഴുകി. നമുക്കും കാലിടറി. നയങ്ങൾ മാറിവന്നു. കൃഷിക്ക് നഷ്ടകാലമായി. വയലുകൾ നികന്നു. കേരവൃക്ഷങ്ങൾ കൂമ്പി. നീർച്ചോലകൾ ശോഷിച്ചു. തണ്ണീർത്തടങ്ങൾ വരണ്ടു. വേനൽച്ചൂടിൽ നദികൾ വറ്റി. വർഷങ്ങൾ പ്രളയകാലങ്ങളായി. വനങ്ങൾ വെളുത്തു. പ്ലാസ്റ്റിക്കും പാഴ്‌വസ്തുക്കളും മണ്ണിന്റെ ശ്വാസമടച്ചു. ദാരിദ്ര്യത്തിനും അവഗണനയ്ക്കുമെതിരായ മുന്നേറ്റങ്ങൾ ദുർബലമായി. ദീർഘവീക്ഷണവും ജനകീയ കാഴ്ചപ്പാടുമുള്ള സർക്കാരുകൾ വെല്ലുവിളികൾക്കു നടുവിലൂടെ നാടിനെ കൈപിടിച്ചു. അവയ്ക്കു കരുത്തായി ഗ്രാമവികസന പ്രസ്ഥാനം ജനങ്ങൾക്കൊപ്പം നടന്നു. സ്വയം സംസാരിക്കുന്ന നേട്ടങ്ങളുടെ നിറവായി ഗ്രാമഗ്രാമന്തരങ്ങളിൽ വികസനത്തിന്റെ സന്ദേശം എത്തിച്ചു. ലക്ഷക്കണക്കിനു കുടുംബങ്ങൾക്ക് സ്വന്തം വീടുണ്ടായി. ഗ്രൂപ്പുകളായും വ്യക്തികളായും ലക്ഷക്കണക്കിനുപേർ സ്വയം തൊഴിൽ കണ്ടെത്തി. ജീവനോപാധികൾ സ്വന്തമാക്കി. ചെറുതും വലുതുമായ അസംഖ്യം ക്ഷേമപദ്ധ

## രജതരേഖകൾ

1,74,017 ഗാർഹിക ശൗചാലയങ്ങൾ അനുവദിച്ചു. ഗ്രാമങ്ങൾ വെളിയിട വിസർജ്ജന മുക്തമാകുന്ന ആദ്യത്തെ വലിയ സംസ്ഥാനമായി കേരളം.

പ്രധാനമന്ത്രി ആവാസ് യോജനയിൽ 32,559 കുടുംബങ്ങൾക്ക് വീട് അനുവദിച്ചു. 19,536 വീടുകൾ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്.

ഇന്ദിര ആവാസ് യോജന (സ്പിൽ-ഓവർ) വീടുകൾ പൂർത്തീകരിക്കാൻ എല്ലാ ബ്ലോക്കിലും കർമ്മ പദ്ധതി. പൂർത്തിയായത് 52,779 വീടുകൾ.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ 14.57 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകി. 684.62 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. ചെലവഴിച്ചത് റെക്കോർഡ് തുക - 2,426.85 കോടി രൂപ.

പ്രധാനമന്ത്രി ഗ്രാമസഡക് യോജനയിൽ 1309 റോഡുകൾ നിർമ്മിച്ചു. ദൈർഘ്യം 3120 കി.മീ. 31.03.2017 വരെ ചെലവഴിച്ചത് 218.50 കോടി രൂപ.

തദ്ദേശസ്വയംഭരണ വകുപ്പുകളുടെ പദ്ധതി നിർവഹണത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഒന്നാമത്. കാര്യക്ഷമതയുടെയും പ്രവർത്തന മികവിന്റെയും വിജയം.

638 വി.ഇ.ഒമാരെയും 27 ബി.ഡി.ഒ മാരേയും നിയമിച്ചു. സമീപകാലത്ത് ഏറ്റവും കൂടുതൽ നിയമനങ്ങൾ നടന്നത് ഈ വർഷം.

ജീവനക്കാർക്ക് ഭരണസുതാര്യതയുടെ സുരക്ഷിതത്വം. സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ നിലവിൽ.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണത്തിന് ഐ.ടി അധിഷ്ഠിത രീതി ഏർപ്പെടുത്തി. ജിയോടാഗിംഗ് നടപ്പിലായി.



**എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് കരുതലോടെ നടത്തിയ മുൻകൈ പ്രവർത്തനങ്ങളാണ് സാധ്യമാക്കിയത്.**

തികൾ നടപ്പിലായി. സുസ്ഥിര വികസനത്തിന്റെ പുതിയ സംസ്കാരത്തിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജനകീയ അടിത്തറയൊരുക്കി. ആയിരക്കണക്കിന് കോടി രൂപയുടെ മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ നടന്നു. കോടിക്കണക്കിന് അധിക തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. നൂറുകണക്കിന് കോടി രൂപയുടെ നീർത്തട വികസന പ്രവൃത്തികൾ ഏറ്റെടുത്തു. ആയിരക്കണക്കിന് ഗ്രാമീണ റോഡുകൾ പണിതീർന്നു.

### നേട്ടങ്ങളുടെ ഒരാണ്ട്

സംസ്ഥാന ഗ്രാമവികസന വകുപ്പ് അഭിമാനാർഹമായ നേട്ടങ്ങളുടെ ഒരു വർഷം കൂടി പിന്നിട്ടിരിക്കുന്നു. 1,74,000 ഗാർഹിക കക്കൂസുകൾ നിർമ്മിച്ച് സംസ്ഥാനത്തെ ഗ്രാമങ്ങളെ വെളിയിട വിസർജന ശീലത്തിൽ നിന്ന് മോചിപ്പിച്ചത് രാജ്യം മുഴുവൻ ശ്രദ്ധിച്ച നേട്ടമായി. ഈ പദവി കൈവരിച്ച ഇന്ത്യയിലെ ആദ്യത്തെ വലിയ സംസ്ഥാനമാണ് കേരളം. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ 685 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിച്ച് ചെലവഴിച്ച തുകയിൽ റെക്കോർഡിട്ടു. ലക്ഷ്യമിട്ടതിന്റെ 113 ശതമാനമാണ് നേട്ടം. പ്രധാൻമന്ത്രി (ഗ്രാമീൺ) അവാസ് യോജനയിൽ 32,589 വീടുകൾ അനുവദിച്ചു. ഇന്ദിര ആവാസ് യോജനയിലാകട്ടെ മുൻ വർഷങ്ങളിൽ അനുവദിച്ച 53000 ത്തോളം വീടുകൾ പൂർത്തീകരിച്ചു. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് കരുതലോടെ നടത്തിയ മുൻകൈ പ്രവർത്തനങ്ങളാണ് ഇത് സാധ്യമാക്കിയത്. പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയിൽ 1309 റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുത്തു. പോയവർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ ഒന്നാമതെത്തിയത് ഗ്രാമവികസന വകുപ്പിന്റെ കാര്യക്ഷമതയുടെയും പ്രവർത്തന മികവിന്റെയും വിജയമായി. മണ്ണു-ജല സംരക്ഷണത്തിനുള്ള ബ്ലോക്കുതല കർമ്മ പദ്ധതികളുടെ വിജയകഥകൾ മാധ്യമങ്ങളിൽ പതിവു വാർത്തകളാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഏർപ്പെടുത്തിയ ജിയോടാഗിംഗ് സംവിധാനം സമയബന്ധിതമായി നടപ്പിലാക്കിയതിലൂടെ മഹാത്മാഗാന്ധി എൻആർഇജിഎസ്, പ്രധാനമന്ത്രി (ഗ്രാമീൺ) ആവാസ് യോജന മുതലായ കേന്ദ്ര പദ്ധതികളുടെ നിർവഹണത്തിൽ എന്നത്തേതിലും കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താൻ വകുപ്പിനു കഴിഞ്ഞിട്ടുണ്ട്. സ്ഥലം മാറ്റത്തിന് മാനദണ്ഡങ്ങൾ ഏർപ്പെടുത്തിയത് ബാഹ്യസമ്മർദ്ദങ്ങൾക്കു വഴങ്ങി ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്ന രീതി ഇല്ലാതാക്കി. വി.ഇ.ഒ, ബിഡിഒ എന്നീ തസ്തികകളിൽ സമീപ വർഷങ്ങളിലൊന്നും ഇത്രയധികം നിയമനങ്ങൾ നടന്നിട്ടില്ല. 638 വി.ഇ.ഒ മാരും 27 ബി.ഡി.ഒ മാരുമാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നിയമനം നേടിയത്. നവകേരള മിഷനുകളുടെ ബ്ലോക്ക് തല ഏകോപനത്തിൽ നേതൃത്വപരമായ പങ്കുവഹിക്കുവാൻ ബ്ലോക്ക് പഞ്ചായത്തുകൾ സജ്ജമായി. മികവിന്റെ ഒരു വർഷം പൂർത്തിയാകുമ്പോൾ സംസ്ഥാന ഗ്രാമവികസന വകുപ്പ് കൂടുതൽ മികച്ച നേട്ടങ്ങളിലേക്കുള്ള കുതിപ്പിന് ഒരുങ്ങിക്കഴിഞ്ഞു.●



*ഗ്രാമവികസന വകുപ്പ് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണറാണ് ലേഖകൻ*







# സമൃദ്ധിയുടെ നിറവിൽ

## നെടുമങ്ങാട് ബ്ലോക്ക്

**പരസ്പര പൂരകങ്ങളായ നിരവധി പദ്ധതികൾ ഒത്തുചേർന്ന ബൃഹദ് പദ്ധതിയായ സമൃദ്ധിയിൽ ജൈവകൃഷി മുതൽ വിവരസാങ്കേതികവിദ്യ വരെ ഉൾപ്പെടുന്നു.**

**പ്രശാന്ത്. സി**

പ്രകൃതിയെ മറന്നുകൊണ്ടുള്ള വികസനത്തിന്റെ ഗുരുതര പ്രത്യാഘാതങ്ങൾ നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മണ്ണിന്റെയും മനുഷ്യന്റെയും ആയുസ്സിനു പ്രധാന്യം നൽകിക്കൊണ്ട് നെടുമങ്ങാട് ബ്ലോക്ക് രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് 'സമൃദ്ധി' (SAMRUDHI - Sustainable Management and Rural Development Initiative). പരസ്പര പൂരകങ്ങളായ നിരവധി പദ്ധതികൾ ഒത്തുചേർന്ന ബൃഹദ് പദ്ധതിയായ സമൃദ്ധിയിൽ ജൈവകൃഷി മുതൽ വിവരസാങ്കേതികവിദ്യ വരെ ഉൾപ്പെടുന്നു. മുൻ മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ ഔപചാരികമായി തുടക്കം കുറിച്ച 'സമൃദ്ധി' ഊർജ്ജസ്വലമായ പ്രവർത്തനങ്ങളിലൂടെ നെടുമങ്ങാട് ബ്ലോക്കിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന പദ്ധതിയായി ഇന്ന് മാറിയിട്ടുണ്ട്.

### ജൈവഗ്രാമം

ബ്ലോക്കിന്റെ അധീനതയിലുള്ളതും തരിശായിക്കിടക്കുന്നതുമായ രണ്ടര ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചുകൊണ്ടാണ് ജൈവഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചത്. ഭരണസമിതി അംഗങ്ങളും ഉദ്യോഗസ്ഥരും നൽകിയ സംഭാവനകൾ സ്വരൂപിച്ചാണ് ആദ്യഘട്ട കൃഷിച്ചെലവിനുള്ള തുക കണ്ടെത്തിയത്. വാഴ, ചീര, പച്ചമുളക്, വെണ്ട, വഴുതന, പടവലം, വെള്ളരി, കത്തിരി തുടങ്ങിയവയാണ് ആദ്യഘട്ടത്തിൽ കൃഷി ചെയ്തത്. ജൈവകൃഷി ഇപ്പോൾ നാലുഘട്ടം പിന്നിട്ടിരിക്കുന്നു. പച്ചക്കറി കൃഷിയോടൊപ്പം മത്സ്യകൃഷി, തേനീച്ചവളർത്തൽ, ആട്, പശു, കോഴി വളർത്തൽ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം തുടങ്ങിയവയ്ക്കുള്ള ക്രമീകരണങ്ങളും ജൈവഗ്രാമത്തിൽ ഒരുക്കിയിട്ടുണ്ട്. ഒരേസമയം ഒന്നരലക്ഷത്തോളം നടീൽ വസ്തുക്കൾ കൈകാര്യം ചെയ്യാൻ ശേഷിയുള്ളതാണ് ജൈവ ഗ്രാമം. ഗ്രാമപഞ്ചായത്തുകളുടെ കാർഷിക പ്രൊജക്ടുകൾ നടപ്പാക്കാനാവശ്യമായ നടീൽ വസ്തുക്കൾ, ജൈവകീടനാശിനികൾ, ജൈവവളം തുടങ്ങിയവ വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രമായി ജൈവ ഗ്രാമം മാറുകയാണ്.

ജൈവകൃഷിയെക്കുറിച്ച് സാമാ



**ജൈവകൃഷി സംസ്കാരത്തിന്റെ സന്ദേശം സമൂഹത്തിന്റെ താഴേത്തട്ടുവരെ എത്തിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് വല്ലം നിറ.**

ന്യ ജനങ്ങളിൽ അവ ബോധം സൃഷ്ടിക്കുന്നതിനായി ജൈവഗ്രാമത്തോടനുബന്ധിച്ച് ജൈവകൃഷി പരിശീലന-സേവനകേന്ദ്രം കൂടി പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ പൂർണ നിയന്ത്രണത്തിൽ, ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഈ കേന്ദ്രത്തിന് കൃഷിവകുപ്പിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. പത്തു മുതൽ ഇരുപത്തഞ്ച് വരെ അംഗങ്ങളുള്ള 200 സംഘങ്ങൾക്ക് പരിശീലനം നൽകുന്നതോടൊപ്പം കൃഷി ചെയ്യാനാവശ്യമായ വസ്തുക്കൾ നല്കുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. കുറഞ്ഞത് പത്തു സെന്റ് സ്ഥലത്തെങ്കിലും ജൈവകൃഷി ചെയ്തിരിക്കണം എന്നാണു വ്യവസ്ഥ. കൃഷിയുടെ പരിരക്ഷ, മേൽനോട്ടം തുടങ്ങിയവ ഉറപ്പുവരുത്തുന്നതിനോടൊപ്പം കാർഷികോത്പന്നങ്ങൾ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് വാങ്ങി വിപണിയിലെത്തിക്കുകയും ചെയ്യുന്നു. ബ്ലോക്ക് പരിധിയിലുള്ള ഓരോ പഞ്ചായത്തിലേയും ഓരോ വാർഡ് തെരഞ്ഞെടുത്ത് ജൈവകൃഷി പ്രോത്സാഹിപ്പിച്ച് ആ വാർഡുകളെ മാതൃകാ ജൈവകൃഷി വാർഡുകളാക്കി മാറ്റാനുള്ള പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്.

### അങ്കണവാടി ജൈവഗ്രാമം

പൊതുവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനതലമായ അങ്കണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതോടൊപ്പം ജൈവകൃഷിയെക്കുറിച്ചുള്ള അവബോധവും കുഞ്ഞുങ്ങൾക്കു പകർന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് അങ്കണവാടി ജൈവഗ്രാമം. ബ്ലോക്ക് പരിധിയിലുള്ള 164 അങ്കണവാടികളിലായി 1642 കുഞ്ഞുങ്ങളാണ് അദ്ധ്യയനം നടത്തുന്നത്. വെൽഫയർ കമ്മിറ്റികളെ സജീവമാക്കിക്കൊണ്ട്, അങ്കണവാടികളോട് ചേർന്ന് കുറഞ്ഞത് ഒരു സെന്റ് ഭൂമിയിലെങ്കിലും ജൈവകൃഷി നടത്താനുള്ള പദ്ധതിക്കാണ് രൂപം നൽകിയത്. വെണ്ട, പയർ, ചീര, കത്തിരി, വഴുതന തുടങ്ങിയ ഇനങ്ങളാണ് പ്രധാനമായും കൃഷിചെയ്തത്. കൃഷിക്കാവശ്യമായ നടീൽ വസ്തുക്കളും വളവുമെല്ലാം ജൈവഗ്രാമം വഴി ലഭ്യമാക്കി. ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾ കുഞ്ഞുങ്ങളുടെ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നു. ദിവസവും ഒരു കറിയെങ്കിലും പാകം ചെയ്യുന്നതിനുള്ള പച്ചക്കറികൾ അങ്കണവാടി ജൈവഗ്രാമം പദ്ധതിയിലൂടെ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. കുട്ടികൾക്ക് നല്ല ഭക്ഷണം, നല്ല ശ്രദ്ധ, അങ്കണവാടി ശുചീകരണം എന്നീ മൂന്നു കാര്യങ്ങൾ നേടിയെടുക്കാൻ ഈ പദ്ധതി വഴി സാധിച്ചു. വിജയകരമായി മാറിയ ഈ പദ്ധതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും എല്ലാ അങ്കണവാടികളിലും ഇത് നടപ്പാക്കുന്നതിന് സാമൂഹ്യനീതിവകുപ്പ് നിർദ്ദേശം നൽകുകയും ചെയ്തു. ഇതേ മാതൃകയിൽ സർക്കാർ എയ്ഡഡ് സ്കൂളുകളിലും ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ ബ്ലോക്ക് ആരംഭിച്ചിട്ടുണ്ട്.

### വല്ലം നിറ

ജൈവകൃഷിസംസ്കാരത്തിന്റെ സന്ദേശം സമൂഹത്തിന്റെ താഴേത്തട്ടുവരെ എത്തിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് വല്ലം നിറ. ഓണത്തിനു പരമാവധി ജൈവപച്ചക്കറി ഉത്പാദിപ്പിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അങ്കണവാടികൾ, ജൈവഗ്രാമം, സ്വയം സഹായസംഘങ്ങൾ എന്നിവയ്ക്ക് ജൈവകൃഷി ചെയ്യാനാവശ്യമായ നടീൽവസ്തുക്കളും മറ്റ് അനുബന്ധ ഉപകരണങ്ങളും നൽകുകയും ആവശ്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തുകയും ചെയ്തുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്. അങ്കണവാടി കുട്ടികൾക്ക് ഓണസദ്യ ഒരുക്കുന്നതിന് പച്ചക്കറി സൗജന്യമായി നൽകുക എന്ന ലക്ഷ്യവും 'വല്ലം നിറ' പദ്ധതിക്കുണ്ടായിരുന്നു. 1642 കുട്ടികൾക്ക് 4600 കിലോ പച്ചക്കറിയാണ് പദ്ധതിയിലൂടെ വിതരണം ചെയ്തത്. സംസ്ഥാന കൃഷി വകുപ്പു മന്ത്രി വി. എസ്. സുനിൽ കുമാറാണ് വിതരണോത്ഘാടനം നിർവ്വഹിച്ചത്.

### ക്ഷീരസമൃദ്ധി

ക്ഷീരമേഖലയ്ക്ക് കൂടുതൽ ഉണർവേകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് 'ക്ഷീര സമൃദ്ധി'. പത്ത് അംഗങ്ങൾ വീതമുള്ള പത്ത് വനിതാ സംഘങ്ങൾക്ക് ഡയറിഫാം രീതിയിൽ പശുവളർത്തുന്നതിനാണ് വനിതാ ഘടകപദ്ധതിയിലുൾപ്പെടുത്തി വികസന ഫണ്ട് വകയിരുത്തിയിട്ടുള്ളത്. രണ്ടു ലക്ഷം രൂപ സബ്സിഡിയും രണ്ടു ലക്ഷം രൂപ ബാങ്കുവായ്പയുമായി ആകെ നാലു ലക്ഷം രൂപയാണ് ഒരു യൂണിറ്റിന് നൽകുന്നത്. തൊഴിലുറപ്പ് പദ്ധതിപ്രകാരം തൊഴുത്തു നിർമ്മിച്ചു നൽകുകയും ചെയ്യുന്നു. ഉത്പാദിപ്പിക്കുന്ന പാൽ ക്ഷീരസംഘങ്ങൾക്കു നൽകുന്നതിനും ചാണകം, ജൈവഗ്രാമത്തിലേക്ക് വാങ്ങുന്നതിനുമുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. ക്ഷീര മേഖലയിലെ പ്രകടമായ മാറ്റങ്ങൾക്ക് ക്ഷീര സമൃദ്ധി വഴി തെളിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### പ്ലാസ്റ്റിക് – അജൈവ – ഖരമാലിന്യ മുക്ത ബ്ലോക്ക്

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ സംയുക്ത സഹകരണത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് - അജൈവ-ഖരമാലിന്യ മുക്ത ബ്ലോക്ക് പദ്ധതിയിലൂടെ മാലിന്യ സംസ്കരണത്തിന്റെയും ശുചിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുകയും ഈ രംഗത്ത് ക്രിയാത്മകമായ ഇടപെടൽ നടത്തുകയുമാണ് ലക്ഷ്യം. ഇതിനു മുന്നോടിയായി വിപുലമായ ഒരു സെമിനാർ സംഘടിപ്പിക്കുകയും മാലിന്യ നിർമാർജനത്തിന്റെ പ്രാധാന്യം വിവരിക്കുന്ന പതിനായിരം ലഘു ലേഖകൾ അച്ചടിച്ച് വിതരണം നടത്തുകയും ചെയ്തു. കുടുംബശ്രീ പ്രവർത്തകർ മുഖേന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിനും കേന്ദ്രീകൃതമായി സംഭരിച്ച് വിൽക്കുന്നതിനുമുള്ള പദ്ധതിക്കും ബ്ലോക്ക് രൂപം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് കൂടി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള റോഡ് ടാറിംഗും ഉദ്ദേശിക്കുന്നു. ഒരേ സമയം ശുചിത്വം ഉറപ്പുവരുത്തുന്നതും വരുമാനദായകവുമാണ് ഈ പദ്ധതി.

### ഭൗമ വിവര സർവേ

ബ്ലോക്ക് പരിധിയിലുള്ള ജനങ്ങളുടെ ജീവിത നിലവാരം സംബന്ധിച്ച കൃത്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി ജിയോ ഇൻഫർമാറ്റിക് ടെക്നോളജി ഉപയോഗിച്ച് അഞ്ച് പഞ്ചായത്തുകളിലും സർവേ നടത്തി. വിവിധ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഏറെ പ്രയോജനം ചെയ്യുന്നതാണ് ഭൗമ വിവര സർവേ. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടായി 30 ലക്ഷം രൂപയാണ് ഈ പദ്ധതിക്കായി ചെലവഴിച്ചത്.



**സമഗ്ര മൊബൈൽ – ഗവേണൻസ് പദ്ധതിയിലൂടെ പൊതു പ്രശ്നങ്ങളേയും സാമൂഹിക വിപത്തുകളേയും കുറിച്ച് ജനങ്ങൾ നൽകുന്ന പരാതികൾ ഗ്രാമ–ബ്ലോക്ക് പഞ്ചായത്തുകൾ സ്വീകരിക്കുന്നു.**

### മൊബൈൽ – ഗവേണൻസ്

ഇ-ഗവേണൻസിൽ നിന്ന് മൊബൈൽ - ഗവേണൻസിലേക്ക് ചുവടുവയ്ക്കുന്നതിന്റെ ഭാഗമായി ഓരോ വീട്ടിലേയും ഒരാളുടെ മൊബൈൽ നമ്പർ വീതം സർവേയ്ക്കായി ശേഖരിച്ചു. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളുടെ വിവിധ പദ്ധതികളെ സംബന്ധിച്ച് ജനങ്ങളുമായി ഫലപ്രദമായ ആശയവിനിമയം നടത്താൻ ഈ പദ്ധതിയിലൂടെ കഴിയും. അടുത്ത വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന സമഗ്ര മൊബൈൽ -ഗവേണൻസ് പദ്ധതിയിലൂടെ പൊതു പ്രശ്നങ്ങളേയും സാമൂഹിക വിപത്തുകളേയും കുറിച്ച് ജനങ്ങൾ നൽകുന്ന പരാതികൾ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്വീകരിക്കുന്നതിനും അവ സംബന്ധിച്ച തുടർ നടപടികളെക്കുറിച്ച് അവർക്ക് വിവരം നൽകുന്നതിനുമുള്ള സംവിധാനങ്ങളാണ് ഉദ്ദേശിക്കുന്നത്.

കലാ-കായിക രംഗത്തും നവീനമായ ആശയങ്ങൾ നടപ്പിലാക്കാൻ 'സമൃദ്ധി' ശ്രദ്ധ വയ്ക്കുന്നു. ബ്ലോക്ക് പഞ്ചായത്തിനോടു ചേർന്നുള്ള കളിക്കളത്തെ സ്റ്റേഡിയമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും കരകുളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'കലാഗ്രാമ'ത്തെ ആർട്സ് അക്കാദമിയായി ഉയർത്താനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. പ്രവർത്തന മികവിനുള്ള ഐ. എസ്.ഒ. അംഗീകാരം നേടിക്കഴിഞ്ഞ ബ്ലോക്ക് പഞ്ചായത്തിന്റെ മാതൃകാ പദ്ധതിയായ 'സമൃദ്ധി'ക്ക് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി. ബിജുവിന്റെ നേതൃത്വത്തിലുള്ള ഭരണ സമിതിയും ഉദ്യോഗസ്ഥരും അകമഴിഞ്ഞ പിന്തുണയാണ് നൽകുന്നത്.●

പരിസ്ഥിതി

**വരാച്ചാലിന്റെ ജീവനും നാടിന്റെ കാർഷിക സമൃദ്ധിയും വീണ്ടെടുക്കണമെന്ന ചിന്തയ്ക്ക് വർഷങ്ങളുടെ പഴക്കമുണ്ട്.**



# ഇതാണ് ഹരിതകേരളം

## വരാച്ചാലിന്റെ മാതൃക

**ഷിജു ഏലിയാസ്**


കളകൾ അഴുകിയും പായൽ മൂടിയും തീരങ്ങൾ നികന്നും നാശോന്മുഖമായ അസംഖ്യം ജലാശയങ്ങളിൽ ഒന്നായിരുന്നു ഇന്നലെ വരെ വരാച്ചാൽ. ഇന്നത് മഹത്തായ ഒരു മാതൃകയാണ്. ഹരിതകേരളം മിഷന്റെ ഭാഗമായി നടന്ന തണ്ണീർത്തട സംരക്ഷണ പ്രവൃത്തികളിൽ ആദ്യം പയയേണ്ട ഒന്നാണ് പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം പഞ്ചായത്തിലുള്ള ഈ പുഴയുടെ പുനരുദ്ധാരണം.

പൂവത്തൂർ കുന്നിൽ നിന്ന് ആരംഭിച്ച് ആറന്മുള പമ്പാ നദിയിൽ അവസാനിക്കുന്ന വരാച്ചാലിന് രണ്ടര കിലോമീറ്ററോളം നീളവും 150 മീറ്ററോളം വീതിയുമുണ്ട്. ഒരു കാലത്ത് മുന്നൂറ് ഹെക്ടറോളം സ്ഥലത്തെ നെൽകൃഷിക്കു വേണ്ടി കർഷകർ ആശ്രയിച്ചിരുന്ന ഈ ജലാശയം പുഴമത്സ്യങ്ങളുടെ കലവറ കൂടിയായിരുന്നു. ഒരു പ്രദേശത്തെ കിണറുകളേയും കുളങ്ങളേയും ചെറിയ നീരൊഴുക്കുകളേയും വരാച്ചാൽ സമൃദ്ധിയുടെ നിറവിൽ നിർത്തി. ഇവിടുത്തെ ജനങ്ങളുടെ ജീവനോപാധികൾ നേരിട്ടോ അല്ലാതെയോ വരാച്ചാലിലെ ജലസമ്പത്തുമായി ബന്ധപ്പെട്ടു നിന്നു. പമ്പ ഗതിമാറിയപ്പോൾ തണ്ണീർത്തടമായി അവശേഷിച്ച വരാച്ചാലിന്റെ വേർപെടാത്ത പൊക്കിൾകൊടി പോലെ ആദിപമ്പയുടെ കൈത്തോട് ഒഴുകി. തോടിന്റെ ഇരുകരകളേയും അപൂർവ്വ സസ്യങ്ങൾ പച്ചപുതപ്പിച്ചു.

മണ്ണിൽ നിന്ന് ജീവിതം മുഖം തിരിച്ച കാലത്ത് മറ്റ് തണ്ണീർത്തടങ്ങൾ പോലെ വരാച്ചാലും ഒതുങ്ങി. തീരങ്ങൾ നികന്നും സസ്യങ്ങൾ അഴുകി അടിഞ്ഞും ജലാശയം നാശത്തിലേക്ക് നീങ്ങി. കൃഷിയില്ലാതായ നെൽവയലുകൾ വരാച്ചാലിന്റെ ആവാസവ്യവസ്ഥയെ മാറ്റി. രൂപം മാറിയ വരാച്ചാൽ മരണം പതിയിരിക്കുന്ന ചതുപ്പായി. അതിലെ മത്സ്യസമ്പത്ത് പഴങ്കഥയായി. ചാൽ നികന്നതോടെ പ്രദേശത്തെ ജലസ്രോതസ്സുകൾ ക്ഷീണിച്ചു. കിണറുകളിൽ ജലനിരപ്പ് താണു. വരൾച്ചയും കുടിവെള്ള ക്ഷാമവും പതിവായി.

വരാച്ചാലിന്റെ ജീവനും നാടിന്റെ കാർഷിക സമൃദ്ധിയും വീണ്ടെടുക്കണമെന്ന ചിന്തയ്ക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. അറുപത് ഏക്കറോളം വരുന്ന വലിയൊരു ചതുപ്പ് പ്രദേശം ചളികോരിയും പായൽ നീക്കിയും പുനരുദ്ധരിക്കുകയെന്ന ആശയം അപ്രായോഗികമാണെന്ന് പലരും കരുതി. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ അവിദഗ്ധ തൊഴിലാളികളുടെ കായികാദ്ധ്വാനം കൊണ്ട് ഈ ബൃഹത്തായ ജോലി പൂർത്തീകരിക്കാൻ കഴിയുമോ എന്നുള്ള ആലോചനയും നടന്നു. അഞ്ചുപേരെ മരണം വിഴുങ്ങിയ ചാലിന്റെ ആഴക്കുഴികളിലേക്ക് മതിയായ സുരക്ഷാ സംവിധാനങ്ങളില്ലാതെ തൊഴിലാളികളെ ഇറക്കി വിടാൻ കഴിയില്ലെന്നു വന്നതോടെ, കൂടുതൽ ആലോചനകളായി. ജില്ലാ പഞ്ചായത്ത് വിഷയം ഏറ്റെടുക്കുകയും വരട്ടാർ പുനരുജ്ജീവനത്തിനായി 30 ലക്ഷം രൂപ നീക്കിവയ്ക്കാൻ തീരുമാനിക്കുകയും ചെയ്തതോടെ എല്ലാ ഭിന്നതകളും മറന്നുകൊണ്ടുള്ള വലിയൊരു കൂട്ടായ്മക്ക് അരങ്ങു തെളിഞ്ഞു. പ്രദേശവാസികൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അപൂർണാദേവീ അധ്യക്ഷയായ ജനകീയ കമ്മിറ്റി നിലവിൽ വന്നു. മൊത്തം ജോലി കരാർ നൽകേണ്ടന്നു തീരുമാനിച്ച കമ്മിറ്റി വിവിധ സാധ്യതകൾ ഇതിനുവേണ്ടി സംയോജിപ്പിച്ചു. ആവശ്യമായ മണ്ണുമാന്തി യന്ത്രങ്ങളുടെ മണിക്കൂർ അടിസ്ഥാനത്തിലുള്ള ഉപയോഗത്തിന് ടെൻഡർ ക്ഷണിച്ച് കരാർ നൽകി. യന്ത്രസഹായത്തോടെ പ്രവൃത്തി നടത്താൻ സർക്കാരിന്റെ പ്രത്യേക അനുമതിയും വാങ്ങി. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജനവും പ്രദേശവാസികളുടെ സഹകരണവും തദ്ദേശഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികളുടേയും മുൻകൈയും കൂടിയായപ്പോൾ വരാച്ചാലിന്റെ സൗന്ദര്യവും ജല സമൃദ്ധിയും തിരിച്ചെത്തി. എല്ലാ പ്രവൃത്തികളും പ്രദേശവാസികൾ ഉൾപ്പെട്ട ജനകീയ കമ്മറ്റികളുടെ നിരീക്ഷണത്തിൽ നടത്തി. പ്രധാന ജലാശയത്തോട് ചേർന്ന് കിടന്ന നിരവധി നീർച്ചാലുകൾ ഇതോടൊപ്പം വൃത്തിയാക്കി. ഉപേക്ഷിക്കപ്പെട്ടുകിടന്ന പാടങ്ങൾ കൃഷിയോഗ്യമാക്കി. അനുവദനീയമായ പ്രവൃത്തികൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്തു. തെളിച്ചെടുത്ത സ്ഥലങ്ങളിൽ പച്ചക്കറി വിളയിക്കാൻ തയ്യാറായി കുടുംബശ്രീ സംഘങ്ങൾ മുന്നോട്ടുവന്നു. ചെലവഴിച്ച തുകയുടെ പലമടങ്ങ് മൂല്യമുള്ള ആസ്തിയാണ് ജനകീയ കൂട്ടായ്മയുടേയും പദ്ധതി സംയോജനത്തിന്റെയും മികവിൽ സൃഷ്ടിക്കപ്പെട്ടത്. വരാച്ചാൽ അതിന്റെ പ്രതാപകാലത്തെ ഓർമ്മിപ്പിക്കുന്ന ഒരു ജലാശയമായി പുനർജനിച്ചു. നഷ്ടപ്പെട്ടുപോയ നന്മകൾ ഇതിലൂടെ തിരിച്ചുവരുന്നത് ജനങ്ങൾ അനുഭവിച്ചു. വേനൽ കടുക്കുമ്പോഴും കിണറിന്റെ ആഴങ്ങളിൽ പുതിയ ഉറവുകൾ പൊട്ടുന്നത് അവർ കണ്ടു. ഒരു കാലത്ത് കൃഷിയെ മാത്രം ആശ്രയിച്ചു കഴിഞ്ഞ ഒരു ഗ്രാമം അതിന്റെ നഷ്ടപ്പെട്ടുപോയ ജീവനോപാധികളിലേക്ക് തിരിച്ചു നടക്കാൻ തുടങ്ങി.





**വരാച്ചാൽ നികന്നതോടെ നീരൊഴുക്കില്ലാതെ വരണ്ടുപോയ വരട്ടാർ കൂടി ഇതോടൊപ്പം പുനർജനിക്കുകയാണ്.**

വരാച്ചാൽ നികന്നതോടെ നീരൊഴുക്കില്ലാതെ വരണ്ടുപോയ വരട്ടാർ കൂടി ഇതോടൊപ്പം പുനർജനിക്കുകയാണ്. സംസ്ഥാനത്തെ ഏറ്റവും ജലസമൃദ്ധമായ നദികളിലൊന്നായ പമ്പയുടെ കൈവഴികൾ പലതും നശിച്ചുകഴിഞ്ഞു. നീർച്ചോലകൾ നികത്താൻ മാത്രമല്ല മരണത്തിന്റെ വക്കിലെത്തിയ തണ്ണീർത്തടങ്ങൾക്ക് പ്രാണവായു ആകാനും മനുഷ്യനു കഴിയുമെന്ന് വരാച്ചാൽ തെളിയിച്ചിരിക്കുന്നു. ഇതൊരു മാതൃകയാണ്. പ്രകൃതിയോടൊത്തുള്ള അതിജീവനത്തിന്റെ പ്രചോദനാത്മകവും അനുകരണീയവുമായ മാതൃക.●

കവിത





# മരത്തിന് സ്തുതി

സുഗതകുമാരി

*ഞാൻ ഇപ്പോഴും ആദരവോടെ സ്മരിക്കുന്നു. അക്കാലത്ത് എഴുത്തുകാരുടെ വലിയ കൂട്ടായ്മ യുണ്ടാക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. കേരളം മുഴുവനും കാടിനെപ്പറ്റിയും പുഴകളെപ്പറ്റിയും ഒക്കെ പാടി നടക്കാൻ സാധിച്ചു. ഭൂമി മരിക്കുകയാണ് എന്ന ആ ഒരു മുന്നറിയിപ്പു കൊടുക്കുവാൻ അന്നു കവികൾക്കു സാധിച്ചു.*

*അക്കാലത്ത് ഞങ്ങളുടെ പ്രാർത്ഥനാ ഗാനമായി എല്ലാ മീറ്റിംഗുകളിലും ആദ്യം ചൊല്ലുന്നത് 'മരത്തിനു സ്തുതി' എന്ന ഈ കവിതയാണ്. അത് ഇന്നും പ്രസക്തമാണെന്നു തോന്നുന്നു.*

തണുത്ത പൂന്തണൽ വീശി-
പ്പടർന്നു ചൂഴ്ന്നു നിൽക്കുന്ന
മരത്തിന്റെ തിരുമുടി-
ക്കിത തൊഴുന്നേൻ.

നീലകണ്ഠ സ്വാമിയെപ്പോൽ
വിഷം താനേ ഭുജിച്ചിട്ടു
പ്രാണവായു തരുന്നോനാ-
യിത തൊഴുന്നേൻ.

കനിഞ്ഞു പൂക്കളും തേനും
കനിയും നീട്ടി നിൽക്കും നിൻ
നിറഞ്ഞ തൃക്കരങ്ങൾക്കാ-
യിത തൊഴുന്നേൻ.

മഴയായി, ക്കുളിരായി,
പ്പശിയാറ്റും പഴമായി-
ത്തുയിരുന്നു മരുന്നായി,
പ്പണിക്കരുത്തായ്

കുഞ്ഞിക്കയ്യിൽ കളിപ്പാട്ട-
ച്ചിരിയായി, വാർദ്ധകത്തിൻ
ഖിന്നതയ്ക്കു താങ്ങിനിൽക്കാ-
നൂന്നുകമ്പായി

കുരുന്നുതൊട്ടിലായ്, മണി-
മഞ്ചമായ്, ശാന്തമായ് ഞങ്ങൾ-
ക്കുറങ്ങുവാനൊടുക്കത്തെ-
ക്കനൽ വിരിപ്പായ്

ഒരിക്കലും പിരിയാത്ത
കൂട്ടുകാരനായി ഞങ്ങൾ-
ക്കനർഘകാരുണ്യ വർഷം
ചൊരിയുവോനേ,

വിരിഞ്ഞ മാറിലായ് ഞങ്ങൾ
തറയ്ക്കുന്ന മഴുപ്പാടു-
മണിഞ്ഞുനിൽക്കുമാ നീർന്ന
നില തൊഴുന്നേൻ.

മലവെള്ളക്കുത്തിലമ്മ-
യിടിഞ്ഞൊലിച്ചലിയാതെ
പിടിച്ചുനിർത്തിയും മണ്ണി-
ലുയിർ നിറച്ചും

തീ കെടാത്ത മാതൃഹൃത്തിൽ
അംബരത്തിൻ സുധാവർഷ-
ധാരയൂറി നിറപ്പിച്ചു
കരുതിവെച്ചും

അമ്മയെക്കാത്തരുളുമാ-
ത്തൃപ്പദങ്ങൾ തൊട്ടുവീണ്ടും
കണ്ണിൽവെച്ചു കണ്ണുനീരോ-
ടിത തൊഴുന്നേൻ.

വെട്ടി വെട്ടി വിറ്റൊടുക്കി-
ക്കറുത്ത മഞ്ഞലോഹത്തിൻ
തുട്ടുകളാക്കിലും കൃപാ
ധാര പെയ്‌വോനേ,

കാറ്റിനെ, സൂര്യനെ, വർഷ-
വാരിയെ ചൊൽപ്പടിക്കാക്കി-
ക്കാത്തുനിൽക്കും നിനക്കായി-
ട്ടിത തൊഴുന്നേൻ

അടിവേരു തൊട്ടു മുടി-
യിലവരെ, നന്ദികെട്ടോ
രടിയങ്ങൾക്കവിടുന്നു
തന്നു പോറ്റുമ്പോൾ

പകരം നൽകുവതെന്തേ
മഴുവും തീയുമല്ലാതെ!
അവിടുന്നു സമസ്തവും
പൊറുക്കുമല്ലോ

എങ്കിലും ഹാ, പൊറുക്കുമോ
പ്രകൃത്യംബ, അഗ്നി പാറും
കൺകളാലെങ്ങളെ നോക്കും
നോട്ടമെന്നാമോ?

*സൈലന്റ് വാലി സമരകാലത്ത് ഞങ്ങൾ ഒരു കൂട്ടം കവികൾ, എൻ.വി. കൃഷ്ണ വാര്യർ എന്ന ഗുരുനാഥന്റെ നേതൃത്വത്തിൽ ആ കാടിനു വേണ്ടി കവിതയെഴുതുവാൻ ശ്രമിച്ചു. സൈലന്റ് വാലി സംരക്ഷണ സമിതി എന്നായിരുന്നു അതിന്റെ പേര്. പക്ഷെ, അങ്ങനെയല്ല വേണ്ടത്, പ്രകൃതി സംരക്ഷണ സമിതി എന്നു പേരു മാറ്റണം എന്നു പറഞ്ഞത് എൻ.വി ആണ്.*

*സൈലന്റ് വാലി ഒരു പ്രതീകം മാത്രമാണ്. നശിക്കുന്ന പശ്ചിമഘട്ടത്തിന്റെ, നമ്മുടെ 44 നദികളുടെ, നികത്തപ്പെടുന്ന വയലുകളുടെ, ഇടിക്കപ്പെടുന്ന കുന്നുകളുടെ, പൂർണ്ണമായും നാം ക്ഷയിപ്പിക്കുന്ന പ്രകൃതിയുടെ, എല്ലാം പ്രതീകമാണ് സൈലന്റ് വാലി. ആ കൊച്ചു കാടിനെ രക്ഷിച്ചെടുക്കാൻ സാധിച്ചാൽ അത് ബാക്കി സമരങ്ങൾക്കെല്ലാം പ്രചോദനമാകും എന്ന എൻ.വിയുടെ വാക്കുകൾ*

**കേ**രളം ജലസമൃദ്ധിയിലേക്കും മണ്ണിന്റെ വിശുദ്ധിയിലേക്കും തിരിച്ചു നടക്കുകയാണ്. നാടാകെ പ്രകൃതിയുടെ നന്മകൾ വീണ്ടെടുക്കാനുള്ള ഒരു മഹായജ്ഞത്തിലാണ് നാടാകെ.

കുന്നുകൾ ഇടിച്ചും തണ്ണീർത്തടങ്ങൾ നികത്തിയും പുഴയോരങ്ങൾ കൈയ്യേറിയും തീർത്ത മണിസൗധങ്ങളിൽ നിന്ന് മലയാളി കണ്ട കാഴ്ചകൾ മങ്ങുകയാണ്. ലോകത്തിലെ ഏറ്റവും ജലസമൃദ്ധമായ നാട്ടിൽ കുടിവെള്ളത്തിനു വേണ്ടി ജനങ്ങൾ തെരുവോരങ്ങളിൽ വരി നിൽക്കുന്നു. പച്ചക്കറിയും ഭക്ഷ്യധാന്യങ്ങളുമായി പുറം സംസ്ഥാനങ്ങളിൽ നിന്ന് ലോറികൾ എത്താതിരുന്നാൽ 48 മണിക്കൂർ കൊണ്ടു നാട് പട്ടിണിയാകും.

തെളിഞ്ഞൊഴുകുന്ന പുഴയ്ക്കും ജീവൻ തുടിക്കുന്ന മണ്ണിലെ പച്ചപ്പിനും വിഷം തീണ്ടാത്ത അന്നത്തിനും പകരമാകില്ല എത്ര വലിയ ബാങ്ക് നിക്ഷേപവുമെന്ന തിരിച്ചറിവിലേക്കാണ് 'ഹരിതകേരളം മിഷൻ' മലയാളിയെ ഉണർത്തിയത്. മരണത്തിന്റെ വക്കിൽ നിന്ന് കുട്ടംപേരൂർ ആറിനെ കരകയറ്റിയ ബുധനൂർ ഗ്രാമപഞ്ചായത്ത് മലയാളിയുടെ ഈ പുതിയ ബോധ്യത്തിന്റെ പ്രതീകമാവുകയാണ്.

കുട്ടംപേരൂർ ആറിന്റെ ജലസമൃദ്ധി മുതിർന്ന തലമുറയ്ക്ക് ഓർമ്മയായിരുന്നുവെങ്കിൽ, അവരുടെ ഇളമുറക്കാർക്ക് അതൊരു മുത്തശ്ശിക്കഥ മാത്രമായിരുന്നു. ഒരു കാലത്ത് ബുധനൂർ, മാന്നാർ, പാണ്ടനാട് പ്രദേശങ്ങൾക്ക് പച്ചപ്പും ജീവനുമായത് തെളിഞ്ഞൊഴുകിയ കുട്ടംപേരൂർ പുഴയാണ്. ഇവിടുത്തെ വയലേലകൾ നൂറുമേനി വിളഞ്ഞു. പുഴമത്സ്യങ്ങൾ നൂറുകണക്കിനു കുടുംബങ്ങൾക്ക് ഉപജീവനമാർഗ്ഗമൊരുക്കി. ഈ പ്രദേശത്തെ കാർഷിക ജീവിതത്തിന്റെ ലയവും താളവുമായി. പമ്പ, അച്ചൻകോവിൽ നദികളെ കുട്ടംപേരൂർ പുഴ ജലസമൃദ്ധമാക്കി.

# കുട്ടംപേരൂരാറ്
## കേരളത്തോട് പറയുന്നത്

പി.കെ. ശ്രീവത്സകുമാർ





കുട്ടംപേരൂർ ആറിന്റെ വിജയകഥ നേരിട്ടറിയാൻ വിദേശരാജ്യങ്ങളിൽ നിന്നുപോലും ആളുകൾ എത്തി.


പിന്നീട്, കേരളത്തിലെ അസംഖ്യം ആറുകൾക്കും നീർത്തോടുകൾക്കും സംഭവിച്ചത് കുട്ടംപേരൂർ ആറിനും സംഭവിച്ചു. നൂറടിയിലേറെ വീതിയിൽ നിറഞ്ഞൊഴുകിയിരുന്ന പുഴ അതിന്റെ പത്തിലൊന്നായി മെലിഞ്ഞു. ഒരു നാടിന്റെ നിശ്വാസങ്ങൾക്ക് ജീവജലത്തിന്റെ അമൃതകുംഭങ്ങളിൽ നിന്ന് കുളിരു പകർന്ന ആറ്, ദുർഗന്ധം വമിക്കുന്ന അഴുക്കുചാലായി. പ്ലാസ്റ്റിക്കും പാഴ്‌വസ്തുക്കളും ആറിന്റെ രക്തനാഡികൾ അടച്ചു. വർഷാരംഭത്തിൽ മാലിന്യങ്ങളും വിഷാണുക്കളും മഴവെള്ളത്തിൽ കുത്തിയൊഴുകിപ്പരന്നു. ജലധമനികൾ ബന്ധിക്കപ്പെട്ട ആറ് വർഷകാലങ്ങളിൽ ചീറ്റിയൊഴുകി, പലപ്പോഴും ആപത്തുകൾ വരുത്തിവച്ചു. ഒരു കാലത്ത് ജലസമൃദ്ധിയിൽ ആറാടിയ ഈ പ്രദേശം ജല ശോഷണത്തിലേക്കും മലിനീകരണത്തിലേക്കും, പിന്നീട് കടുത്ത ജലക്ഷാമത്തിലേക്കും നീങ്ങി.


ആറു നവീകരണത്തിനുള്ള ആലോചനകൾ വർഷങ്ങൾക്കു മുമ്പേ ആരംഭിച്ചിരുന്നു. തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി ഏറ്റെടുക്കാൻ വർഷങ്ങൾക്കു മുമ്പു നടത്തിയ ആലോചനയും ഫലം കണ്ടില്ല. പഞ്ചായത്ത് പ്രസിഡന്റ് പി. വിശ്വംഭര പണിക്കരുടെ നേതൃത്വത്തിൽ നാട് ഒന്നടങ്കം ഉണർന്നതോടെ പ്രതിബന്ധങ്ങളുടെ കുരുക്കുകൾ അഴിഞ്ഞു. 700 തൊഴിലുറപ്പു തൊഴിലാളികളുടെ എഴുപത് ദിവസത്തെ അധ്വാനം ആറിന്റെ ജീവൻ വീണ്ടെടുത്തു. 30,000 ആൾ ദിനങ്ങളാണ് ഇതിനു വേണ്ടി വന്നത്. 72 ലക്ഷം രൂപയുടെ പ്രവൃത്തി. മാലിന്യം മൂടിയും നികന്നും നാശോന്മുഖമായിക്കിടന്ന പുഴയുടെ അഞ്ചു കിലോമീറ്ററോളം ഭാഗം വെടിപ്പായി. ആറിനോട് ചേർന്ന ചെറു നീർത്തോടുകൾ തുറന്നു. ഉറവുകൾ തെളിഞ്ഞു. വറ്റിയ കിണറുകളിൽ വീണ്ടും വെള്ളം കിനിഞ്ഞു.

700 തൊഴിലുറപ്പു തൊഴിലാളികളുടെ എഴുപത് ദിവസത്തെ അധ്വാനം ആറിന്റെ ജീവൻ വീണ്ടെടുത്തു.

ഒന്നാംഘട്ട നവീകരണം പൂർത്തിയാക്കിയ കുട്ടംപേരൂർ ആറ് മന്ത്രി ജി. സുധാകരൻ നാടിനു സമർപ്പിച്ചു. സംസ്ഥാനം മുഴുവനും ഈ മഹത്തായ യത്നത്തെ ഉറ്റുനോക്കി. കുട്ടംപേരൂർ ആറിന്റെ വിജയകഥ നേരിട്ടറിയാൻ വിദേശരാജ്യങ്ങളിൽ നിന്നുപോലും ആളുകൾ എത്തി. വരാച്ചാലിന്റെയും കുട്ടംപേരൂർ ആറിന്റെയും മാതൃക പമ്പയുടെ മറ്റു കൈവഴികളിലേക്കും, സംസ്ഥാനമൊട്ടുക്കും പകർത്തണമെന്ന ആവശ്യം ശക്തമായി.

സംസ്ഥാനത്തെ പതിനാല് ജില്ലകളിലും 152 ബ്ലോക്കുകളിലും ചെറുതും വലുതുമായ ജലസംരക്ഷണ പ്രവൃത്തികൾ നടക്കുകയാണ്. ഇതാണ് മാതൃകയെന്ന് കുട്ടംപേരൂർ ആറ് പറയുന്നു, ദാഹിച്ചു പനിക്കുന്ന കേരളത്തോട്.●







# മഴയുടെ മഹോത്സവം

**മഴ നനഞ്ഞ് മലകയറണമെങ്കിൽ ചെമ്പ്രയിലേക്ക് പോകാം. മലമുകളിലെ നിറഞ്ഞു തുളുമ്പുന്ന ഹൃദയ തടാകത്തിൽ ആർത്തുല്ലസിക്കാം.**

**രമേഷ്കുമാർ വെള്ളമുണ്ട**

**ഒരു കാലത്ത് തോരാത്ത മഴയിൽ വിറങ്ങലിച്ചു പോയിരുന്നു ഈ നാട്. മഴയുടെ അളവ് കാലങ്ങളായി കുറഞ്ഞുവരുന്നു.**

ചാഞ്ഞും ചെരിഞ്ഞും പെയ്യുന്ന വയനാടൻ മഴ. കേരളത്തിന്റെ ചിറാപുഞ്ചി എന്ന് ഒരുകാലത്ത് അറിയപ്പെട്ട ലക്കിടിയിൽ നിന്നും തുടങ്ങുന്നു മഴയുടെ ആരവം. കോടമഞ്ഞ് കരിമ്പടം പുതയ്ക്കുന്ന സന്ധ്യകളിൽ കാട്ടരുവികൾ താളം പിടിച്ച് പാറക്കെട്ടുകൾ ചാടി കുതിച്ചു പായുമ്പോൾ മഴ ഭിന്നഭാവങ്ങൾ തീർക്കും. അകലങ്ങളിലെ നനഞ്ഞൊട്ടി നിൽക്കുന്ന ചെറിയ കുടിലുകൾക്ക് മഴ ഒരു പേടിസ്വപ്നമാണ്. കാടിന്റെ മഴക്കൂടാരത്തിൽ കരിമ്പാറകണക്കെ നിലയുറപ്പിച്ച് നിൽക്കുന്ന കാട്ടാനക്കൂട്ടത്തിന് മഴ അനുഗ്രഹത്തിന്റെ തലോടലാണ്. ചുറ്റിലും മാനത്തേക്ക് നോക്കി നിൽക്കുന്ന ഗിരിനിരകൾ. അതിനുള്ളിൽ നിലയ്ക്കാത്ത മഴയുടെ ആരവങ്ങളാണ് നിറഞ്ഞു നിൽക്കുക.മഴ തുടങ്ങിയാൽ പിന്നെ നിൽക്കണമെന്നില്ല.നൂലുപോലെ ചാറുന്ന വയനാടൻ മഴ അങ്ങനെയായിരുന്നു.മഴ നനയാൻ കടൽ കടന്നും സഞ്ചാരികൾ എത്തിക്കൊണ്ടേയിരുന്നു.വേനൽക്കാല വിനോദ കേന്ദ്രങ്ങളെല്ലാം അടഞ്ഞു പോയപ്പോൾ അവസാനിച്ചുവെന്ന് കരുതിയ ടൂറിസം സീസണിന് മഴക്കാലമായപ്പോൾ പുനർജനി. മഴയുടെ മഹോത്സവത്തിന് അങ്ങനെ തുടക്കമായി. ഒരായിരം മുഖങ്ങളിൽ മഴ വന്നുനിറയുമ്പോൾ വയനാട് റെയിൻ ടൂറിസം ഉണരുകയായി.റിസോർട്ടുകളും ടൂർ ഓപ്പറേറ്റർമാരുമെല്ലാം മറുനാട്ടുകാരെ വയനാട്ടിലേക്ക് ക്ഷണിക്കുന്ന തിരക്കിലാണ്.ഒരു മഴക്കാലം കൂടി വന്നണയുമ്പോൾ സമുദ്ര നിരപ്പിൽ നിന്നും രണ്ടായിരം അടി ഉയരത്തിൽ ഗിരി നിരകളും വയലുകളും മഴയുടെ താളത്തിൽ അലിഞ്ഞു നിൽക്കും. പശ്ചിമഘട്ടത്തിലെ ചുവന്നു പൊള്ളിയ മണ്ണിലെ മഴക്കാലം ഇത്തവണ വലിയ പ്രതീക്ഷകൾ കൂടിയാണ് നൽകുന്നത്.

## കാടിന്റെ സംഗീതം

മഴ തുടങ്ങുമ്പോഴേക്കും ചീവീടുകളുടെ ശബ്ദമാണ് മലയോരങ്ങളിൽ മുഴങ്ങിത്തുടങ്ങുക. മഴപെയ്തു തീർന്നാലും മരം പെയ്യുന്ന കാടുകൾ, കുളിരിന്റെ കൂടാരമായി നിത്യഹരിത വനങ്ങൾ, പുതിയ തളിരുകളും ശിഖരങ്ങളും നീട്ടി ഇലപൊഴിക്കും കാടുകൾ. കാഴ്ചയുടെ സമൃദ്ധിയിലാണ് മഴക്കാലത്തെ കാടുകൾ. മുത്തങ്ങയിലും തോൽപ്പെട്ടിയിലും സഞ്ചാരികൾക്ക് കാടിനുള്ളിലേക്ക് പ്രവേശിക്കാൻ അനുമതിയുണ്ട്. വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ കാടനുഭവങ്ങൾ വേറിട്ടതാണ്. പ്രത്യേകിച്ച് കാട്ടാനകളുടെ ഇന്ത്യയിലെ ഏറ്റവും വലിയ ആവാസ കേന്ദ്രമായതിനാൽ കരിവീരൻമാരെ അടുത്തു കാണാനുള്ള അവസരം കൂടിയാണിത്.കാട്ടിൽ യഥേഷ്ടം തീറ്റയുള്ള സമയമായതിനാൽ സഞ്ചാരികളെ കാണുമ്പോൾ പ്രകോപിതരാകാതെ ഇവയും കാഴ്ചകൾ കണ്ട് റോഡരികിൽ തന്നെയങ്ങ് നിലയുറപ്പിക്കും. മുത്തങ്ങയിലെ ദേശീയ പാതയോരത്തും തോൽപ്പെട്ടി കുട്ട





റോഡിലും ബാവലി മൈസൂർ പാതയോരത്തുമെല്ലാം കാട്ടാനകളും മാനുകളും കാട്ടിയും സ്വൈര്യവിഹാരം നടത്തുന്നത് കാണാം.മഴയുടെ വയനാടൻ കാഴ്ചകൾ... വന സഞ്ചാരത്തിന് നല്ല സമയമായതിനാൽ വിദേശസഞ്ചാരികളും മഴക്കാലത്ത് ധാരാളമായി എത്താറുണ്ട്.

## സാഹസികതയുടെ മലയോരങ്ങൾ

മഴ നനഞ്ഞ് മലകയറണമെങ്കിൽ ചെമ്പ്രയിലേക്ക് പോകാം. മലമുകളിലെ നിറഞ്ഞു തുളുമ്പുന്ന ഹൃദയതടാകത്തിൽ ആർത്തുല്ലസിക്കാം. തെരുവ പുല്ലുകളെ വകഞ്ഞുമാറ്റി വഴുവഴുപ്പുള്ള പാറക്കെട്ടുകളെ തോൽപ്പിച്ച് ചെമ്പ്രയുടെ മുകളിൽ നിന്നും താഴ്വാരത്ത് പെയ്യുന്ന മഴയെ കാണാം. മഴ നനയാൻ മനസ്സുള്ളവർ ഇതിനായി ഒരുങ്ങിയെത്തുന്നു. ബാംഗ്ലൂരിലും മറ്റുമുള്ള ഐ.ടി പ്രൊഫഷണുകളാണ് ഇതിനായി വരുന്ന സഞ്ചാരികളിൽ അധികവും. ഏതു കാലത്തും സഞ്ചാരികളെ സ്വീകരിക്കുന്ന കേന്ദ്രമായി ചെമ്പ്രയെ വിശേഷിപ്പിക്കാം.കുറച്ചു കൂടി സാഹസികത ഇഷ്ടപ്പെടുന്നവർക്കായി ബാണാസുര മലയും പക്ഷിപാതാളവുമുണ്ട്. അതിശക്തമായ ഒഴുക്കുള്ള കാട്ടരുവികളും മഴനിലയ്ക്കാത്ത ചോല വനങ്ങളുമാണ് ബാണാസുര മലയുടെ ആകർഷണം. കൂറ്റൻ പാറക്കെട്ടുകൾ ചാടി അലമുറയിടുന്ന കാട്ടരുവികളുടെ കാഴ്ചകൾ മാത്രം മതി മനം നിറയ്ക്കാൻ.

ബ്രഹ്മഗിരി മലനിരകളിലെ പക്ഷിപാതാളം മഴപ്പക്ഷികളുടെ കൂടാരമാണ്. ജൂൺ പിന്നിടുന്നതോടെ കാലവർഷം എത്തുമ്പോൾ ഇവ ചിറകടിച്ച് മഴ നനയാൻ ഗുഹകളിൽ നിന്നും പുറത്തെത്തുന്നു. അതുവരെ ശിലാഗുഹകളിൽ മാത്രം ഇരതേടുന്ന മഴപ്പക്ഷികൾക്ക് മഴ ഒരു ആവേശമാണ്.തിരുനെല്ലിയിൽ നിന്നും ഈ മലനിരകളിലേക്ക് മഴ നനഞ്ഞ് പോകാം.ഏഴുകിലോ മീറ്ററോളം ദൂരം കാടിന്റെ ഓരം ചേർന്ന് നടക്കാം. യാത്രയിൽ വെല്ലുവിളിയായി ഗരുഡൻ പാറയും ചെങ്കുത്തായ പുൽമേടുകളും വനഗഹ്വരതയുടെ തണുപ്പും ആവോളമുണ്ട്. ഏതു സമയവും മുന്നിൽ വന്നേക്കാവുന്ന വന്യമൃഗങ്ങളുടെ കണ്ണുവെട്ടിച്ച് ഇവിടെയെത്തി തിരിച്ച് പോകുന്നതും ശ്രമകരം.തിരുനെല്ലിയിൽ കുടിയിരുത്തിയ ആത്മാക്കൾ പക്ഷികളുടെ രൂപം പ്രാപിച്ച് ഈ ഗുഹകളിൽ അഭയം തേടി എന്നാണ് ഐതിഹ്യം.കേരള കർണ്ണാടക അതിർത്തിയിൽ നിന്നും കാടിനു മുകളിൽ ചൊരിയുന്ന മഴയുടെ സൗന്ദര്യം ആസ്വദിക്കുന്നതിനായി വാച്ച് ടവറും ഇവിടെയുണ്ട്.

## കമ്പളനാട്ടിയുടെ തുടിച്ചെത്തങ്ങൾ

പൂർവ്വകാല വയനാടിന്റെ കാതുകളിൽ കമ്പളനാട്ടിയുടെ തുടിയൊച്ചകൾ ഇപ്പോഴും മുഴങ്ങുന്നുണ്ട്.പണിയരുടെ സുഷിരവാദ്യമായ ചീനിവിളിയും തുടിമേളവും ഇടകലരുന്നതോടെ കമ്പളനാട്ടിയെന്ന ചടങ്ങ് തുടങ്ങുകയായി.പെരുമഴയത്ത് പാടത്ത് നൃത്ത ചുവടുകളോടെ ഞാറു പറിച്ചു നടുന്ന ആഘോഷമാണിത്.നെൽകൃഷിയെ ജീവിതത്തിന്റെ ഭാഗമാക്കിയ ജന്മിത്തറവാട്ടുകാർക്കു വേണ്ടി അടിയാള വർഗ്ഗത്തിന്റെ ചിട്ടപ്പെടുത്തിയ താളമാണിത്.തുടിയൊച്ചകൾ മുറുകുമ്പോൾ വേഗത്തിൽ നട്ടുനീങ്ങുന്ന നെൽപ്പാടങ്ങൾ വൈകുന്നേരത്തോടെ പച്ചപ്പണിയും.പണിയ സമുദായക്കാരാണ് കമ്പളനാട്ടിയുടെ നടത്തിപ്പുകാർ.അൻപത് പേരോളം അണിനിരക്കുന്ന ഈ പരമ്പരാഗത കാർഷിക മഴയുത്സവം വയനാടിന് മാത്രം സ്വന്തമാണ്.പണിയരുടെ കുടുംബ അവകാശമായി കമ്പളനാട്ടി ഇന്നും കണക്കാക്കപ്പെടുന്നു.

ഇന്നും പലയിടങ്ങളിലായി അവശേഷിക്കുന്ന വയനാട്ടിലെ നെൽപ്പാടത്തിന്റെ കോണുകളിൽ കമ്പളനാട്ടിയുടെ ഈണങ്ങൾ കേൾക്കാം.നൂറുകണക്കിന് വർഷങ്ങളുടെ പാരമ്പര്യമുള്ള മഴയുടെ ഗോത്ര സംസ്കൃതി കാണാൻ ചെളി പുരണ്ട പാടത്തിന്റെ വരമ്പിൽ പുതിയ തലമുറകൾ ഒത്തുകൂടാറുണ്ട്.പഴയ കാലത്തിന്റെ ഗരിമയൊന്നുമില്ലെങ്കിലും പണിയകുലത്തിൽ കമ്പളത്തിന്റെ പൈതൃകം വേരറ്റുപോയിട്ടില്ല.ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകളിലും ഫാം ടൂറിസത്തിലും കമ്പളനാട്ടിക്ക് ഇനിയും പ്രതീക്ഷകളുണ്ട്.വയനാട്ടിലെ പതിനെട്ടോളം കുറിച്യതറവാടുകളിൽ ഇന്നും പരമ്പരാഗത രീതിയിൽ നെൽകൃഷി നടക്കുന്നുണ്ട്.ഓരോ തറവാടിനും പത്തും പതിനഞ്ചും ഏക്കർ വയലുകളുണ്ട്.കൊരമ്പക്കുടയും നേഞ്ഞിലും കലപ്പയും ഉഴവുകാളകളുമായി രാവിലെ തന്നെ മഴക്കാലത്തിന്റെ തുടക്കത്തിൽ ഈ പാടങ്ങൾ ഉണരുകയായി. ഇറതാണ വലിയ കുറിച്യത്തറവാടിന്റെ വരാന്തയിൽ നിന്നും പഴയകാല വയനാടിന്റെ കാർഷിക ശേഷിപ്പുകൾ നേരിട്ടറിയാൻ താൽപ്പര്യമുള്ളവർക്ക് ഗോത്ര ഗ്രാമങ്ങൾ സ്വാഗതമരുളും.



അതിശക്തമായ ഒഴുക്കുള്ള കാട്ടരുവികളും മഴനിലയ്ക്കാത്ത ചോല വനങ്ങളുമാണ് ബാണാസുര മലയുടെ ആകർഷണം. കൂറ്റൻ പാറക്കെട്ടുകൾ ചാടി അലമുറയിടുന്ന കാട്ടരുവികളുടെ കാഴ്ചകൾ മാത്രം മതി മനം നിറയ്ക്കാൻ.

## മലനിരകളുടെ മഴക്കണ്ണാടി

കഴുത്തിനൊപ്പം മുങ്ങിനിൽക്കുന്ന കുന്നുകൾ.നിറഞ്ഞ വെള്ളിപാത്രങ്ങൾ പോലെ അനേകം ദ്വീപുകൾ.ഇതിനു അഭിമുഖമായി ആകാശ ചുംബിയായ ബാണാസുരൻമല. വയനാട്ടിൽ മഴക്കാലത്ത് ഏറ്റവും കൂടുതൽ സഞ്ചാരികൾ വന്നെത്തുന്നത് ബാണാസുരസാഗർ അണക്കെട്ടിന്റെ മുകളിൽ നിന്നുമുള്ള മഴക്കാഴ്ചകൾ കാണാനാണ്.പടിഞ്ഞാറൻ കാറ്റിനെ തടയുന്ന ഗിരി പർവ്വതത്തിൽ നിന്നും മഴ അണക്കെട്ടിലേക്ക് ഉതിർന്നു വീഴും.കാറ്റിന്റെ ഗതിയനുസരിച്ച് വട്ടം ചുറ്റുന്ന വയനാടൻ മഴയെ വിദൂരത്ത് നിന്നും ആസ്വദിക്കണമെങ്കിൽ ഇവിടെ തന്നെ വരണം.

അണക്കെട്ടിൽ വെള്ളം ഉയരുമ്പോൾ ബോട്ടു സവാരി നിർത്തിവെക്കുമെങ്കിലും ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ എർത്ത് ഡാമിന് മുകളിലൂടെ സഞ്ചാരികൾക്ക് സ്വൈര്യമായി നടക്കാം.ശക്തമായ കാറ്റായതിനാൽ മഴനനഞ്ഞ് നടക്കുന്നവരെയാണ് ഇവിടെ കാണാൻ കഴിയുക.മഴക്കാലത്തും ഒരു ദിവസം പോലും ഒഴിയാതെ നൂറുകണക്കിന് ടൂറിസ്റ്റുകൾ ഇവിടെയെത്തി മടങ്ങുന്നു.സഞ്ചാരികളെ സ്വീകരിക്കാൻ അണക്കെട്ടിന് ചുറ്റുവട്ടത്ത് ധാരാളം റിസോർട്ടുകളുമുണ്ട്.

മീൻ വളർത്തുകേന്ദ്രം കൂടിയായതിനാൽ ഫിഷിങ് ഒരു വിനോദമാക്കാം.ചൂണ്ടയിട്ടും കൊട്ടത്തോണിയിലും തോരാമഴയിലും മീൻ പിടിക്കാൻ വേണ്ടിമാത്രവും ഇവിടെ തദ്ദേശീയരും വിനോദ സഞ്ചാരികളുമൊക്കെ എത്താറുണ്ട്.അണക്കെട്ടിന്റെ ചുറ്റുവഴികളിലൂടെ സഞ്ചരിച്ചാൽ സ്വാഭാവികമായ പ്രകൃതി ദൃശ്യങ്ങളെ തൊട്ടറിയാനും അവസരമുണ്ട്.വൈത്തിരിയിൽ നിന്നും പടിഞ്ഞാറോട്ട് പതിനഞ്ച് കിലോമീറ്റർ സഞ്ചരിച്ചാൽ ബാണാസുരസാഗറായി.ടിപ്പുസുൽത്താൻ പടയോട്ട കാലത്ത് നിർമ്മിച്ച പഴയ കുതിരപ്പാണ്ടി റോഡാണിത്.വയനാടിന്റെ കളിപ്പൊയ്കയായ പൂക്കോട് തടാകത്തെ തൊട്ടാണ് ഈ പാത കടന്നുപോകുന്നത്.ചുരം ലക്കിടി പൂക്കോട് ബാണാസുരസാഗർ എന്നിവയെ ബന്ധിപ്പിച്ച് മഴക്കാല വിനോദയാത്രകൾ തെരഞ്ഞെടുക്കാം.

## മലമുഴക്കി ജീപ്പുകൾ

മലമുകളിൽ മഴയെത്തുമ്പോൾ മറുനാട്ടിൽ നിന്നും ജീപ്പുകളും ചുരം കയറി എത്തി. ഓഫ് റോഡ് ജീപ്പ് റേസിങ്ങ് സാഹസികർക്കെല്ലാം മ



**അവാച്യമായ അനുഭൂതിയാണ് വയനാടൻ ചുരത്തിലെ മഴ. തണുത്ത കാറ്റും കോടമഞ്ഞും പുണരുന്ന ലക്കിടിയുടെ വ്യൂപോയിന്റിൽ നിന്നും താഴെ നാടിന്റെ വിദൂരക്കാഴ്ചകളിലേക്ക് നോക്കാൻ ഇഷ്ടപ്പെടാത്തവർ ആരുണ്ട്.**

ലമുഴക്കുന്ന വയനാട് വേറൊരു അനുഭവമായി. പശപോലെ ഒട്ടുന്നതും തെന്നിമാറുന്നതുമായ താൽക്കാലിക റോഡുകളിലൂടെ കുതിച്ചും കുതറിയും പായാൻ ജീപ്പുകളെത്തും. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വയനാട് ജീപ്പ് റേസിങ്ങിന് മുടങ്ങാതെ എത്തുന്നവരുണ്ട്. സാഹസികതയുടെ മുൾമുനയിലേക്ക് മൂക്കുകുത്തിക്കയറിയ എസ്.യു.വി അടക്കമുള്ള വാഹനങ്ങൾ ജീപ്പോട്ട മത്സരത്തിന്റെ ആവേശമാണ്.

മഴ മഹോത്സവത്തിന്റെ മുഖ്യ ആകർഷണമാണ് ജീപ്പ് ഓഫ് റോഡിങ്.കുന്നും മലയും കീഴടക്കുന്ന ജീപ്പുകളുടെയും സാഹസികതയെ പ്രണയിക്കുന്ന ജീപ്പോട്ടക്കാരുടെയും. ശ്വാസമടക്കി പിടിച്ച് കാഴ്ചകാണുന്നവരുടെയും മാത്രം ലോകം. ആനച്ചക്രങ്ങളുമായി ചെളിയിൽ പുരണ്ട് പുറത്തേക്ക് വരുന്ന ജീപ്പുകൾ നിരത്തുകൾക്കും പുതമയാകും. വൈത്തിരികുന്നുകളായിരുന്നു അന്യദേശക്കാരായ സാഹസിക ഡ്രൈവർമാർക്ക് വെല്ലുവിളി.വടക്കുകിഴക്കൻ മലനിരകളിൽ ഊർന്നിറങ്ങിയ ജീപ്പുകൾ പോലും വയനാടിന്റെ ചുവന്ന മണ്ണിൽ പലതവണ തെന്നിമാറി.ഒന്നിനു പിറകെ ഒന്നായി പിന്നീടെല്ലാം കുതിച്ചു പാഞ്ഞു.ബൈപ്പാസിന്നരികിൽ പ്രത്യേകം തയ്യാറാക്കിയ ഓഫ് റോഡിൽ കൂററൻ കുഴികളിൽ മൂക്കുകുത്തിയും കുതിച്ചുകയറിയും ത്രില്ലടിപ്പിക്കുകയായിരുന്നു ജീപ്പു ക്ലബ്ബിലെ താരങ്ങൾ.വെറുമൊരു ജീപ്പല്ല. ആഡംബരത്തിന്റെ അവസാനവാക്കാണ് റാലിയിലെ ഓരോ വാഹനവും. വിവിധയിടങ്ങളിലെ പര്യടനത്തിനുശേഷം ചെറിയൊരു ഇടവേള വിശ്രമിച്ചതിനുശേഷം മറ്റു മലനിരകൾ തേടി ഇവയെല്ലാം യാത്രയാവുകയാണ്.

## വയൽവെള്ളത്തിലെ കാൽപ്പന്ത്

പുൽമൈതാനങ്ങളില്ല.ഗാലറിയും മറ്റൊന്നുമൊന്നുമില്ല. വിശാലമായ വയലിന്റെ കോണിൽ തയ്യാറാക്കിയ ചെറിയൊരു കോർട്ട്. മഴ തുടങ്ങിയാൽ ഇവിടെ വിസിൽ മുഴങ്ങും. ചെളിയിൽ മുങ്ങിയമർന്ന മെസ്സിയും നെയ്മറുമെല്ലാമാണ് പിന്നെ താരങ്ങൾ.മഴയിൽ കുതിർന്നൊരു കാൽപ്പന്തുകളി.ഇതൊരു കുട്ടിക്കളിയല്ല. മത്സരിക്കുന്നത് ചെളിയിലൂടെ പന്തുരുട്ടാനും ഗോളടിക്കാനും ഡ്രിബ്ലിങ്ങ് നടത്താനുമൊക്കെ കഴിവുള്ള താരങ്ങളാണ്. മഡ് ഫുട്ബോളിന്റെ ആവേശം കാണണമെങ്കിൽ വയനാട്ടിലേക്ക് വരണം.ചാന്തുപോലെ കുഴയുന്ന ചെളിയിൽ ബൂട്ടില്ലാത്ത കാലുകളുമായി ഗോൾ പോസ്റ്റിലേക്ക് പന്തുരുട്ടുന്നത് കാണാൻ കാണികളുടെ നിരകളുമുണ്ട്.രണ്ടു വർഷം മുമ്പ് മുതലാണ് മഡ് ഫുട്ബോളിന് വയനാട്ടിൽ തുടക്കമാവുന്നത്.





തോരമഴയത്തും മഴ നനഞ്ഞ് കാൽപ്പന്തു കളിയിൽ മറ്റൊരു ചരിത്രമെഴുതുകയാണ് വയാനാടിന്റെ താരങ്ങൾ.

വയലിൽ തീർത്ത ചളിക്കളത്തിൽ മാരക്കാനയുടെ ആവേശം വിതറി കളിക്കാർ കാൽപ്പന്തുകളിയിൽ ചടുലതയുടെ വിസ്മയം തീർക്കുന്നു. കൊയ്ത്തു പാട്ടിന്റെ ഈണം മാറാത്ത വയലേലകളിൽ നൂറു കണക്കിന് കാണികളെ സാക്ഷിയാക്കി നിരവധി ടീമുകൾ അങ്കം കുറിക്കുന്നു. ഫൂട്ബോൾ വീരൻമാർ പുൽ മൈതാനങ്ങളിൽ പുറത്തെടുക്കുന്ന പ്രകടനം കണ്ടുശീലിച്ച കാണികൾക്ക് മഡ് ഫുട്ബോൾ സമ്മാനിക്കുന്നത് പുതിയൊരു അനുഭവമാണ്. ഈ മത്സരത്തിന് സ്വന്തം നാട്ടുകാർ മാത്രമല്ല.വിദേശികളും അണിനിരന്നു.യുറോപ്പിൽ ഇവയൊന്നും പുതുമയില്ലാത്താതാണെങ്കിലും മഴയുടെ താളത്തിൽ ഇതൊരു വേറിട്ട അനുഭൂതിയാണെന്നാണ് ഇവർക്കും പറയാനുള്ളത്.

## ചുരത്തിലൂടെ മഴ നനയാം

അവാച്യമായ അനുഭൂതിയാണ് വയനാടൻ ചുരത്തിലെ മഴ. തണുത്ത കാറ്റും കോടമഞ്ഞും പുണരുന്ന ലക്കിടിയുടെ വ്യൂപോയിന്റിൽ നിന്നും താഴെ നാടിന്റെ വിദൂരക്കാഴ്ചകളിലേക്ക് നോക്കാൻ ഇഷ്ടപ്പെടാത്തവർ ആരുണ്ട്. ഒരിക്കലും മതിവരാത്ത കാഴ്ചകളുടെ കവാടമാണ് വയനാടൻ ചുരം. പാമ്പിനെ പോലെ ചുറ്റിവരിയുന്ന വഴികളിൽ കിതച്ചു കയറി വരുന്ന വാഹനങ്ങൾ. നിത്യഹരിത വനങ്ങളുടെ മങ്ങാത്ത കാഴ്ചകളിൽ മഴക്കാലം വീണ്ടും പച്ചപ്പ് പുതപ്പിക്കും. രാവിലെ മുതൽ സന്ധ്യയാവുന്നതുവരെ വ്യൂപോയിന്റിനരികിൽ സഞ്ചാരികൾ ധാരാളമുണ്ട്. ആകാശത്തിൽ കറുപ്പും വെളുപ്പും കലർന്ന മേഘങ്ങൾ മാറി മാറി ചിത്രങ്ങൾ വരച്ചുപോകും. താഴ്വാരത്തെ മുഴുവനും വെള്ള പുതപ്പിക്കുന്ന കോടമഞ്ഞിനെ കാറ്റും തുടച്ചുകൊണ്ട് പോകും.ഇതിനിടയിൽ പട്ടാപ്പകലും ഇരുൾ മൂടുന്ന വഴികൾ. ഫോഗ് ലൈറ്റും ഹോണും മുഴക്കി നിരനിരയായി ചുരമിറങ്ങുകയാണ് വാഹനങ്ങളും.

അവിസ്മരണീയമാണ് പതിവായി മഴക്കാലത്ത് നടക്കുന്ന വയനാട് ചുരം മഴയാത്ര. വിദ്യാർത്ഥികളടക്കം ആയിരക്കണക്കിന് പ്രകൃതി സ്നേഹികൾ ഈ യാത്രയിൽ പങ്കെടുക്കുന്നു. കോഴിക്കോട് വയനാട് ജില്ലകളിലെ കൂട്ടായ്മകളാണ് ഇതിന് നേതൃത്വം നൽകുന്നത്. വഴിയോരങ്ങളിൽ പൂക്കളുടെ വിത്തുകൾ വിതറിയും പ്ലാസ്റ്റിക്കുകളും കുപ്പികളും മറ്റും പെറുക്കിയും യാത്രാസംഘങ്ങൾ ചുരം വഴികളിലൂടെ നടന്നു നീങ്ങി. മഴയെയും പ്രകൃതിയെയും അടുത്തറിയാനുള്ള ഒരു പഠനയാത്രയാണിത്.

ഇനിയും മരിക്കാത്ത പച്ചത്തുരുത്തുകൾ. മലമ്പനിയുടെ നാട് പെരുമഴയുടെ പെരുമ്പറകളുടെ കഥകൾ അയവിറക്കുന്നു. ഒരു കാലത്ത് തോരാത്ത മഴയിൽ വിറങ്ങലിച്ചുപോയിരുന്നു ഈ നാട്. മഴയുടെ അളവ് കാലങ്ങളായി കുറഞ്ഞുവരുന്നു. ലക്കിടിയെന്ന കേരളത്തിന്റെ ചിറാപുഞ്ചിക്ക് ഇന്ന് സ്ഥാനം നഷ്ടമായിരിക്കുന്നു. മഴയുടെ മർമ്മരങ്ങൾ കുറയുമ്പോഴും വയനാട് പഴയ പ്രതാപങ്ങളെ ഓർമ്മയിൽ നിറച്ച് ഓരോ മഴക്കാലവും ആഘോഷത്തിൽ ആറാടിക്കുകയാണ്.●

*ലേഖകന്റെ ഫോൺ നം. 9562070919*



# റീച്ചാർജ്ജ് ചെയ്യൂ കിണർ നിറയ്ക്കൂ

ഡോ. ജോസ് സി. റാഫേൽ

മഴക്കാലത്ത് നമുക്ക് നമ്മുടെ കിണറുകളിലേക്ക് മഴവെള്ളം കടത്തിവിടാം, ഉപ്പുരസത്തെ മാറ്റി നിറുത്താം. സാങ്കേതിക സഹായങ്ങൾക്കും സംശയ നിവാരണങ്ങൾക്കും മഴപ്പൊലിമ പദ്ധതി

മഴ കഴിഞ്ഞാൽ പിന്നെ കിണറിലെ ജലനിരപ്പ് താഴാൻ തുടങ്ങുകയായി. എല്ലാവരും കിണറുകളിൽ മോട്ടോർവച്ച് പമ്പ് ചെയ്യാൻ തുടങ്ങിയതോടെ കിണറുകളിലെ ജലനിരപ്പ് പെട്ടെന്ന് താഴുവാനും തുടങ്ങി. കിണറിൽ നിന്ന് തുടിച്ച് കോരിയെടുക്കുന്ന കാലം ഒരു പക്ഷേ നാം ഓർക്കുന്നുണ്ടായിരിക്കണം. അന്നൊക്കെ കിണർ വെള്ളത്തിന് നല്ല സ്വാദുണ്ടായിരുന്നു. എന്നാൽ പമ്പ് ചെയ്തു വരുന്ന വെള്ളത്തിന് സ്വാദ് ഇല്ലതാനും. ഇക്കാലങ്ങളിൽ കിണറിന് ഉൾവശം നോക്കിയാൽ പലയിടങ്ങളിലും അനക്കമില്ലാത്ത ഒരു പാടനിലനിൽക്കുന്നതായി കാണാം. കിണറും മനുഷ്യനും തമ്മിലുള്ള ബന്ധം അറ്റുപോയതുപോലെയായി. ഈ അവസ്ഥയിലാണ് നാം കിണർ റീചാർജിംഗിനെക്കുറിച്ച് ചിന്തിക്കുന്നത്. മൊബൈൽ ഫോണുകൾ വരാൻ തുടങ്ങിയതോടെ റീചാർജിംഗ് എന്ന പദം ഏവർക്കും മനസ്സിലാകുന്ന ഒരു വസ്തുതയായി. ബാറ്ററി റീചാർജ് ചെയ്യുന്ന പോലെ തന്നെ ചെയ്യാവുന്ന ഒരു സംഗതിയാണ് കിണർ റീചാർജിംഗ് എന്നു പറയുന്നത്. ഇതിന് വൈദ്യുതി വേണ്ട. വേണ്ടത് മഴവെള്ളമാണ്.



കേരളത്തിൽ ഏകദേശം 3000 മില്ലീ മീറ്റർ വാർഷിക മഴ ലഭിക്കുന്നുണ്ടെന്നാണു ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. ആയിരം ചതുരശ്ര അടിയുള്ള മേൽക്കൂരയ്ക്കു മുകളിൽ ശരാശരി രണ്ടര മുതൽ മൂന്നു ലക്ഷം ലിറ്റർ വരെ മഴവെള്ളം ലഭിക്കുന്നുണ്ട്. അല്ലെങ്കിൽ ഒരു സെന്റ് ഭൂമിയിൽ ഒരു ലക്ഷത്തിലധികം ലിറ്റർ മഴവെള്ളം വർഷത്തിൽ ലഭ്യമാകുന്നു. കുപ്പി വെള്ളത്തിനായി ലിറ്ററിനു പതിനഞ്ചു രൂപ നിരക്കിൽ പറയുമ്പോൾ ഇപ്രകാരം പതിനഞ്ചു ലക്ഷം രൂപയുടെ വിഭവമാണ് പ്രകൃതി നമുക്ക് സൗജന്യമായി തരുന്നത്. ഒരു ചതുരശ്ര കിലോ മീറ്ററിൽ ഏകദേശം 200 സാധാരണ കിണറുകൾ ഉള്ള പ്രദേശമാണു കേരളം. ഇത്രയധികം മഴയും കിണറുകളും ഉള്ള കേരളത്തിൽ ജലക്ഷാമം ഉണ്ടാകാൻ പാടില്ല. ഈ അവസരത്തിൽ നാം കിണർ റീച്ചാർജ്ജിങ്ങിനെ കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

പലതരത്തിലും ഇത് ചെയ്യാമെങ്കിലും പ്രധാനമായി മൂന്നു വിധത്തിൽ കിണർ റീച്ചാർജ്ജു ചെയ്യാം.

1. പുരയിടത്തിൽ ലഭ്യമാകുന്ന മഴവെള്ളത്തെ പുരയിടത്തിൽ നിന്നു പുറത്തുപോകാതെ കിണറുകളെ കേന്ദ്രീകരിച്ച് മണ്ണിൽ താഴ്ത്തുക (തീരപ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും ഇതിനു സാധ്യത ഇല്ല)
2. കിണറിനെ കേന്ദ്രീകരിച്ച് മഴക്കുഴിയോ ചാലുകളോ തെങ്ങിൻ തടങ്ങളോ ഉണ്ടാക്കി മഴവെള്ളം മണ്ണിൽ താഴ്ത്തുക.
3. മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം പാത്തികളിലൂടെ അല്ലെങ്കിൽ പൈപ്പിലൂടെ കിണറിനരികത്തേക്ക് കൊണ്ടുവന്ന് ഫിൽറ്റർ സംവിധാനം ഘടിപ്പിച്ച് മഴവെള്ളം കിണറിനകത്തേക്ക് കൊടുക്കുക. മേൽക്കൂരയിലെ അഴുക്കുകൾ ഫിൽറ്റർ ചെയ്യുവാൻ അരിപ്പ സംവിധാനം ഇതിലുണ്ട്.



ഫിൽറ്ററില്ലാതെ ആദ്യ മഴയിൽ പെയ്യുന്ന അഴുക്കുകൾ കളയുവാൻ ഉപയോഗിക്കുന്ന ഫസ്റ്റ് ഫ്ളഷ് സംവിധാനം ഉപയോഗപ്പെടുത്തിയും ഇതു ചെയ്യാം. കിണറിനരികെയായി സുരക്ഷിത അകലം പാലിച്ച് (ഭൂമിക്ക് ചെരുവുണ്ടെങ്കിൽ കിണറിന്റെ ഉയർന്ന ഭാഗത്തായി) ഒരു കുഴിയെടുത്ത്- ഒരു മീറ്റർ ക്യൂബ് വലുപ്പം - ഫസ്റ്റ് ഫ്ളഷിലൂടെ വരുന്ന മഴവെള്ളം അതിലേക്ക് ഇറക്കണം. കാലവർഷത്തിലേയും തുലാവർഷത്തിലേയും മഴവെള്ളം ഈ വിധത്തിൽ കിണറിൽ ഇറക്കണം. എന്നാൽ വേനൽമഴയ്ക്ക് കിട്ടുന്ന മഴവെള്ളമാണ് ഇതിനേക്കാൾ ഫലം ചെയ്യുക. ഇങ്ങനെ ചെയ്താൽ വേനലിൽ നമ്മുടെ കിണറിൽ യഥേഷ്ടം വെള്ളം ഉണ്ടാകും. തീരപ്രദേശങ്ങളിൽ കിണറുകളിൽ ഉപ്പുരസം മാറി ശുദ്ധജലം ലഭിക്കാൻ ഇപ്രകാരം മഴവെള്ളം ശേഖരിച്ച് കിണറിൽ ഇറക്കണം.

ഏകദേശം 7500 രൂപ ചിലവേ ഇത് ചെയ്യുവാൻ വേണ്ടി വരൂ. അല്ലെങ്കിൽ അതിന്റെ പാത്തിക്കും പൈപ്പിനും ക്ലാമ്പുകൾ, ആണി, പശ എന്നിവയ്ക്കും വേണ്ടി വരുന്ന ചിലവും 2 പ്ലമ്പർമാരുടെ ഒരു ദിവസത്തെ കൂലിയും മാത്രമാണ് ചിലവ്. തൃശ്ശൂർ ജില്ലയിൽ ഈ പദ്ധതിയെ ‘മഴപ്പൊലിമ കിണർ റീച്ചാർജ്ജിംഗ്” എന്നാണ് പേരിട്ട് വിളിക്കുന്നത്. ജില്ലയിൽ 25000 ൽ അധികം കിണറുകൾ ഇത്തരത്തിൽ റീച്ചാർ




**ഏതു വിധേനെ ആയാലും മഴവെള്ളം കിണറിൽ എത്തണം. മഴക്കാലത്തും വേനലിലും കിണറിൽ ശുദ്ധജലം ഉറപ്പ്.**

ജ്ജ് ചെയ്തത് വേനൽ ജലനിരപ്പിന്റെ കാര്യത്തിൽ ഗുണം ഉണ്ടായിട്ടുണ്ട്.

കിണർ റീച്ചാർജിംഗ് പരിപാടിയിൽ പൊതുജനങ്ങൾ ഉന്നയിക്കുന്ന ഒരു പ്രധാന ചോദ്യം മഴക്കാലത്ത് കിണർ നിറഞ്ഞുകിടക്കുമ്പോൾ ഇത് ചെയ്തിട്ട് കാര്യമുണ്ടോ എന്നാണ്. മഴക്കാലത്ത് കിണറുകൾ നിറഞ്ഞുകിടക്കുന്നതായി കാണുന്നത്, കിണറിലെ ജലം മണ്ണിന്റെ അടുക്കുകളിലൂടെ സഞ്ചരിച്ച് അരിക്കപ്പെട്ട്, അതിന്റെ ജലപ്പത്തായങ്ങളിലേക്ക് (unconfined aquifer) സഞ്ചരിക്കുന്നതിന് ഉണ്ടാകുന്ന സമയദൈർഘ്യം കൊണ്ടാണ്. മണ്ണിന്റെ തരം, ഓരോ കിണറിൽ നിന്നും ചുറ്റുവട്ടത്തുള്ള കിണറുകളിൽ നിന്നുമുള്ള ജല ഉപയോഗം, സ്വേദനം (Evaporation), മഴയുടെ തോത് തുടങ്ങിയ കാര്യങ്ങളുമായൊക്കെ ബന്ധപ്പെട്ട് ഇതിന് ഏറ്റക്കുറച്ചിലുണ്ടാകാം. മഴ നിന്നാൽ, ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ കിണറിലെ ജലനിരപ്പ് വേഗം താഴുന്നതായി കാണാൻ സാധിക്കും. അതായത് കിണറിൽ നിറഞ്ഞുകിടന്നിരുന്ന ജലം അതാത് കിണർ ഉറവകളിലേക്ക് എത്തിച്ചേർന്നു തുടങ്ങി എന്നർത്ഥം.

ഇതു പോലെ തീരപ്രദേശത്ത് സ്ഥിതിചെയ്യുന്ന നമ്മുടെ നാടിന്റെ വിവിധ ഭാഗങ്ങളിൽ കിണറുകളിൽ പൊതുവെ എല്ലാക്കാലത്തും ഉപ്പുരസം കാണുന്നു. എന്തുകൊണ്ട് ഇത് രൂക്ഷമാകുന്നു. കാരണങ്ങൾ നിരവധിയാണ്. താഴെപ്പറയുന്നവ അവയിൽ ചിലതുമാത്രം.

വീട്ടുപറമ്പുകളിലെ ചെറുകുളങ്ങൾ നാം മൂടിക്കളഞ്ഞു. മഴക്കാലത്തിനടുത്ത് ചെയ്തിരുന്ന കാർഷികമുറകൾ ഇല്ലാതായി. മഴവെള്ളം മണ്ണിൽ താഴ്ാതായി. ഓരു വെള്ളം/ഉപ്പുവെള്ളം കയറാതിരിക്കാൻ കർഷകർ തീർക്കുന്ന ചിറകൾ കുറഞ്ഞുപോയി അല്ലെങ്കിൽ പുതുക്കിയ ചീപ്പുകളെ വേണ്ട സമയങ്ങളിൽ അടച്ചുതുറക്കാതെയായി. ക്ലോറിനിട്ട സർക്കാർ കുടിവെള്ളം പൈപ്പിലൂടെ വരാൻ തുടങ്ങിയതോടെ നാം കിണറിനെ മറക്കാൻ തുടങ്ങി. ആധുനികതയുടെ തിരത്തള്ളലിൽ മോട്ടോർ പമ്പ് സംവിധാനം വന്നതോടെ കിണറുകളിലെ വെള്ളം മഞ്ഞനിറത്തിലോ ചുവപ്പുനിറത്തിലോ ആകുകയും കൂടുതൽ ഉപ്പുള്ളതായി രൂപാന്തരപ്പെടുകയും ചെയ്തു.

തീരപ്രദേശങ്ങളിൽ ചില ഭാഗത്ത് കിണറിന്റെ ഉള്ളിലെ മണ്ണിൽ ഇരുമ്പിന്റെ അംശം താരതമ്യേന കൂടുതലായതിനാൽ ഈ അംശഭാഗങ്ങൾ തുരുമ്പു പിടിച്ച മഞ്ഞവെള്ളം പോലെ കിണർ വെള്ളത്തിൽ കലങ്ങുകയും മോട്ടോർ പമ്പ് പ്രവർത്തിമ്പോൾ കൂടുതലായി പുറത്തേക്ക് വരികയും ചെയ്യുന്നു. കിണറിലെ മോട്ടോർ വേറെ ഒരു വിനകൂടി വരുത്തുന്നുണ്ട്. പെട്ടെന്നുള്ള പമ്പിംഗ് ആയതിനാൽ കടലിലെ ഉപ്പുവെള്ളം സുനാമി പോലെ ഭൂമിക്കടിയിലൂടെ നമ്മുടെ കിണറുകളിൽ എത്തിച്ചേരും. ജിയോളജി വിഷയം കൈകാര്യം ചെയ്യുന്നവർ ഇതിനെ ഹൈബർ ആന്റ് ഹെർസ്ബെർഗ് ബന്ധം എന്ന് വിശേഷിപ്പിക്കുന്നു. അതായത് തീരപ്രദേശങ്ങളിൽ ഒരു മീറ്റർ ഭൂജലത്തിന്റെ അളവ് താഴുകയാണെങ്കിൽ കടൽ അടിത്തട്ടിലെ ജലം 40 മീറ്റർ മണ്ണിനടിയിലൂടെ അകത്തേക്ക് കയറിവരും. (1:40 അനുപാതത്തിൽ)

ഏതായാലും കിണറുകളിൽ ഉപ്പുരസം മാറി ശുദ്ധജലം ലഭിക്കാൻ നാം എന്തു ചെയ്യണം? ഇതിന് ഒരു പ്രതിവിധിയേ നമ്മുടെ പക്കൽ ഉള്ളൂ. മഴവെള്ളം ശേഖരിച്ച് കിണറിൽ ഇറക്കണം. മേൽക്കൂരയിൽ നിന്നോ ഷീറ്റ് വിരിച്ച് അവിടെനിന്നോ ശേഖരിക്കുന്ന മഴവെള്ളം കിണറിന്റെ ഉൾവശത്തേക്ക് ഒഴുക്കണം. ഓടിട്ട മേൽക്കൂരയിൽ നിന്നോ ടെറസ്സിട്ട മേൽക്കൂരയിൽ നിന്നോ ഇങ്ങനെ ചെയ്യാൻ സാധിക്കും. ഇതിനുവേണ്ട പ്രധാന സാധനങ്ങൾ പാത്തി, പൈപ്പ് എന്നിവയും മറ്റ് അനുബന്ധ വസ്തുക്കളുമാണ്. ഓടിട്ട വീടുകൾക്ക് ക്ലാമ്പടിച്ച് പാത്തി ഉറപ്പിച്ചു നിർത്തണം. ടെറസ്സിട്ട വീടുകളുടെ മേൽക്കൂരയിൽ പുറത്തേക്ക് ഓവുപൈപ്പുകൾ നിൽക്കുന്നത് കാണാം. നിൽക്കുന്ന ഓവുപൈപ്പുകളെ പി.വി.സി പൈപ്പുകൾ ഉപയോഗിച്ച് കിണറിനടുത്തേക്ക് കൊണ്ടുവരണം. ഇങ്ങനെ മേൽക്കൂരയിൽ നിന്ന് താഴേക്ക് കൊണ്ടുവരുന്ന പൈപ്പുകളിൽ ആദ്യമഴയിലെ വെള്ളം കളയാൻ വാൽവ് സംവിധാനമോ, ടി (T) സംവിധാനമോ ഏർപ്പെടുത്തണം. മേൽക്കൂരയിൽ അഴുക്ക് വീഴുന്ന പക്ഷം അത് അടച്ചു തുറക്കാൻ പാകത്തിൽ വേണം ഇത് ഫിറ്റ് ചെയ്യാൻ. ഇനി ഫിൽറ്റർ ഘടിപ്പിക്കാം. ചരൽ, മരക്കരി, ചിരട്ടക്കരി എന്നിവയുടെ അടുക്കുകൾ ഫിൽറ്റർടാങ്കിൽ ഇടണം. 300 ലിറ്റർ വെള്ളം കൊള്ളുന്ന ഒരു ടാങ്കിന്റെ പകുതിയോളം ചിത്രത്തിൽ കാണിച്ചത് പോലെ ഫിൽറ്റർ ഇടണം. ഇതിന് ശേഷം പൈപ്പിനെ കിണറിനകത്തേക്ക് ആനയിക്കാൻ പാകത്തിൽ ഫിറ്റ് ചെയ്ത് നിറുത്തുക. ഈ പൈപ്പിന്റെ അഗ്രഭാഗത്ത് ഒരു പ്ലാസ്റ്റിക് വല കെട്ടുന്നത് ഉചിതമാണ്. മേൽക്കൂരയിൽ വീഴുന്ന ഇലകൾ ഇതിൽ തടയുകയും അതാത് വീട്ടുകാർക്ക് ഈ വല അഴിച്ച് വൃത്തിയാക്കുവാൻ സാധിക്കുകയും ചെയ്യും. മഴവെള്ളത്തിന് ഉപ്പുവെള്ളത്തെ അപേക്ഷിച്ച് സാന്ദ്രത കുറവായതിനാൽ മഴവെള്ളം കിണറിൽ പൊന്തിക്കിടക്കുകയും ഉപ്പുവെള്ളം ഭൂമിയിലേക്ക് താഴുകയും ചെയ്യും. (എന്നാൽ മോട്ടോർ വച്ച് വലിച്ചാൽ ഉപ്പു കയറുകയും മഞ്ഞ നിറം കിണർ വെള്ളത്തിൽ കയറി വരികയും ചെയ്യും. ആയതിനാൽ തീരപ്രദേശങ്ങളിലെ കിണറുകളിൽ മോട്ടോർ പമ്പ് വയ്ക്കാതിരിക്കുകയാണുചിതം) മഴക്കാലത്ത് കിണറിന്റെ പരിസരം വെള്ളത്തിൽ മുങ്ങിയാലും കിണറിനകത്തേക്ക് മഴവെള്ളം വീഴുന്നത്കൊണ്ട് ഗുണം ഉണ്ട്. കിണറിന്റെ ആൾമറ/കോൺക്രീറ്റ് റിംഗുകൾ ഒരു വലിയ പാത്രം പോലെ പ്രവർത്തിക്കും. മഴവെള്ളത്തെ ഉപ്പുവെള്ളത്തിന് മീതെ നിർത്തി ഉപ്പുരസത്തിനെ താഴേക്ക് തള്ളിയിറക്കാൻ ഇത് സഹായിക്കുന്നു.



**കിണർ റീച്ചാർജ്ജിങ്ങിനു സബ്സിഡി ലഭിക്കും.**

ഏതു വിധേനെ ആയാലും മഴവെള്ളം കിണറിൽ എത്തണം. മഴക്കാലത്തും വേനലിലും കിണറിൽ ശുദ്ധജലം ഉറപ്പ്. ഇങ്ങനെ ചെയ്ത കിണർ വെള്ളത്തിലെ ഉപ്പുരസവും നിറവ്യത്യാസങ്ങളും മാറുന്നതിനുള്ള ധാരാളം ഉദാഹരണങ്ങൾ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ, മണലൂർ, ഒരുമനയൂർ, പാവറട്ടി, കടപ്പുറം, വാടാനപ്പിള്ളി തുടങ്ങിയ പല പഞ്ചായത്തുകളിലും ഗുരുവായൂർ, ചാവക്കാട് മുനിസിപ്പാലിറ്റിയിലും കാണാം. ഇതുമൂലം വേനലിൽ സർക്കാർ കുടവെള്ളം കാത്ത് നിൽക്കേണ്ട ഗതികേട് ഒഴിവായിക്കിട്ടിയെന്ന് ജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

കിണർ റീച്ചാർജ്ജിങ്ങിനു സബ്സിഡി ലഭിക്കും. നിങ്ങളുടെ ഗ്രാമപഞ്ചായത്തു മെമ്പറേയോ, മുനിസിപ്പൽ കൗൺസിലറേയോ സമീപിച്ച് താഴെ പറയുന്ന ഗവൺമെന്റ് ഓർഡറുകൾ (തദ്ദേശസ്വയംഭരണ വകുപ്പ്) ഉദ്ധരിച്ച് സർക്കാർ സേവനം ഉപയോഗപ്പെടുത്താം.

1. സ.ഉ(ആർ.ടി) നം. 296/14/ത.സ്വ.ഭ.വ തീയതി. 31.01.2014
2. സ.ഉ (എം.എസ്സ്) നമ്പർ 4/2016/ത.സ്വ.ഭ.വ തീയതി: 11.01.2016

ഈ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ സർക്കാർ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ മഴക്കാലത്ത് നമുക്ക് നമ്മുടെ കിണറുകളിലേക്ക് മഴവെള്ളം കടത്തിവിടാം, ഉപ്പുരസത്തെ മാറ്റി നിറുത്താം. ഇതിനു വേണ്ടുന്ന സാങ്കേതിക സഹായങ്ങൾക്കും സംശയ നിവാരണങ്ങൾക്കും തൃശ്ശൂർ ജില്ലാ ഭരണകൂടം നടപ്പിലാക്കുന്ന മഴപ്പൊലിമ പദ്ധതിയുടെ ഓഫീസിലേക്ക് വിളിക്കാം. നമ്പർ 0487-2363616. തൃശ്ശൂർ ജില്ലാ കളക്ട്രേറ്റിൽ മഴപ്പൊലിമയുടെ ഓഫീസ് പ്രവർത്തിക്കുന്നു.●

Web: mazhapolima.org
Email: mazhapolima@gmail.com

*ജില്ലാ മഴപ്പൊലിമ പദ്ധതി (DRHM) യുടെ തൃശ്ശൂർ ജില്ലാ മേധാവിയാണ് ലേഖകൻ*



# പാവങ്ങൾക്ക് വീടൊരുക്കി വാട്ട്സ് ആപ്പ് ഗ്രൂപ്പ്

**അനീഷ്, തിരൂർ**




മലപ്പുറം ജില്ലയിലെ തിരൂരിനടുത്ത് പുറത്തൂർ എന്ന ഗ്രാമത്തിൽ ഒരു വാട്ട്സ് ആപ്പ് കൂട്ടായ്മ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കൈകോർത്ത് ക്ഷേമപ്രവർത്തനങ്ങൾ നടത്തി മാതൃകയാവുകയാണ്. ഐ.എ.വൈ ഭവന പദ്ധതിയിൽ അനുവദിച്ച 44 വീടുകളുടെ നിർമാണം പൂർത്തീകരിക്കുന്നതിനാവശ്യമായ സഹായമെത്തിച്ചു കൊണ്ടാണ് ഈ നവ മാധ്യമ സംരംഭം ശ്രദ്ധേയമാവുന്നത്.

പൊന്നാനിപ്പുഴ അറബിക്കടലിൽ ചേരുന്ന കൂട്ടായി അഴിമുഖം ഉൾപ്പെടുന്ന പ്രദേശമാണ് പുറത്തൂർ ഗ്രാമപഞ്ചായത്ത്. മത്സ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളും പട്ടികജാതി വിഭാഗക്കാരുമടക്കം സാധാരണ മനുഷ്യർ തിങ്ങിപ്പാർക്കുന്ന പ്രദേശം. ഗൾഫ് മേഖലയിലെ തൊഴിൽ സാധ്യത ഉപയോഗപ്പെടുത്തി ഏറെ കുടുംബങ്ങൾ ദാരിദ്ര്യത്തിൽ നിന്ന് മോചനം നേടിയിട്ടുണ്ട്. അവിടെയാണ് ലോകമെങ്ങും ഏറ്റവും ജനകീയമായി മാറിയ വാട്ട്സ് ആപ്പ് എന്ന സാമൂഹ്യ മാധ്യമത്തിലൂടെ രൂപപ്പെടുത്തിയ ഈ കൂട്ടായ്മ പ്രവർത്തിക്കുന്നത്. 2015 -ൽ പ്രവർത്തനമാരംഭിച്ച ഈ കൂട്ടായ്മയിൽ 500 ൽ പരം അംഗങ്ങളുണ്ട്. 1000 രൂപയാണ് അംഗത്വ ഫീസ്. ഓരോ വർഷവും തങ്ങളുടെ 3 ദിവസത്തെ വേതനം അംഗങ്ങൾ ഈ കൂട്ടായ്മയുടെ ക്ഷേമപ്രർത്തനങ്ങൾക്കായി നീക്കി വയ്ക്കുന്നു. വേതനത്തിനു പകരമായി മനുഷ്യാധ്വാനം നൽകിയാലും മതിയാകും. ഇത് കൂടാതെ പ്രവർത്തന മൂലധനം സ്വരൂപിക്കുന്നതിന് വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ട് കൂടി സ്വരൂപിക്കുന്നു.

പുറത്തൂർ ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളായ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, പാർപ്പിടം എന്നീ വ്യത്യസ്ത മേഖലകളിലെ വികസനമാണ് കൂട്ടായ്മയുടെ ലക്ഷ്യം. പുറത്തൂർ ഗവൺമെന്റ് യു.പി. സ്കൂളിന് സ്ഥലമെടുക്കുന്നതിനായി പത്ത് ലക്ഷം രൂപ സമാഹരിച്ചു നൽകിയിരുന്നു ഈ കൂട്ടായ്മ. കൂടാതെ നിത്യരോഗികളായ നിരവധി പേർക്ക് സ്ഥിരമായി സാമ്പത്തിക സഹായം നൽകി വരുന്നു. പുറത്തൂർ കമ്മ്യൂണിണിറ്റി ഹെൽത്ത് സെന്ററിന് 15 സെന്റ് സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്ത് ആധാരം കൈമാറിയിട്ടുമുണ്ട്.

പൂർത്തീകരിക്കാതെ കിടന്ന ഇന്ദിര ആവാസ് യോജന പ്രകാരം അനുവദിച്ച വീടുകളുടെ പൂർത്തീകരണത്തിനായി തിരൂർ ബ്ലോക്ക് പഞ്ചായത്ത് ഈ കൂട്ടായ്മയുമായി സഹകരിച്ച് വിഭവം കണ്ടെത്തി.

2016 ഏപ്രിൽ മാസത്തെ 108 വീടുകളാണ് ബ്ലോക്ക് പരിധിയിൽ പുറത്തൂർ ഗ്രാമപഞ്ചായത്തിൽ മാത്രം പൂർത്തീകരിക്കുവാൻ ബാക്കിയുണ്ടായിരുന്നത്. 2011-12 വർഷം മുതൽ അനുവദിച്ച വീടുകൾ ഇതിൽ ഉൾപ്പെടും. ഈ വീടുകളുടെ പൂർത്തീകരണത്തിന് സഹായമെത്തിക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ അഭ്യർത്ഥന ഇരുകൈകളും നീട്ടി സ്വീകരിക്കാൻ കൂട്ടായ്മയുടെ ഭാരവാഹികൾ തയ്യാറായി.

പൂർത്തിയാക്കാൻ ബാക്കിയുണ്ടായിരുന്ന വീടുകളിൽ 44 വീടുകളുടെ പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിക്കാൻ ആവശ്യമായ നടപടികളാണ് കൂട്ടായ്മ സ്വീകരിച്ചത്. ബ്ലോക്ക് പഞ്ചായത്ത് നൽകിയ പട്ടിക പ്രകാരം 44 വീടുകളും കൂട്ടായ്മയുടെ ഭാരവാഹികൾ നേരിട്ട് സന്ദർശിച്ച് പ്രവർത്തന ഘട്ടങ്ങൾ വിലയിരുത്തി. തറയുടെ പണി പൂർത്തീകരിച്ചവർ, ചുമർ ഉയരം പൂർത്തീകരിച്ചവർ, മേൽക്കൂര പൂർത്തീകരിച്ചവർ എന്നിങ്ങനെ ഗുണഭോക്താക്കളെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തെയും പ്രത്യേകം പ്രത്യേകം കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചു. ഗ്രാമപഞ്ചായത്തിൽ വച്ചു നടത്തിയ കൂടിക്കാഴ്ചയിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കൂട്ടായ്മയുടെ ഭാരവാഹികൾ, വി.ഇ.ഒ മാർ എന്നിവർ പങ്കെടുത്തു. ഓരോ ഗുണഭോക്താവും നേരിടുന്ന പ്രശ്നങ്ങൾ പ്രത്യേകം പട്ടികപ്പെടുത്താൻ ഈ കൂടിക്കാഴ്ച സഹായകമായി.

മേൽക്കൂര പൂർത്തിയാക്കിയവർക്ക് വാതിലുകളും ജനലുകളും ഉറപ്പിക്കുന്നതിനും ഫിനിഷിംഗ് ജോലികൾക്കുമുള്ള ധനസഹായം അനുവദിച്ചു. വീട് പൂർത്തീകരിച്ച് വരുന്ന മുറയ്ക്ക് ബ്ലോക്കോഫീസിൽ നിന്നും ലഭ്യമാക്കാൻ ബാക്കിയുള്ള തുക അനുവദിക്കും. ആ സമയത്ത് ഗുണഭോക്താക്കൾ പ്രസ്തുത തുക തിരികെ നൽകും. തറയുടെ പ്രവൃത്തി മാത്രം പൂർത്തീകരിച്ചവർക്കും ചുമർ ഉയരം പൂർത്തീകരിച്ചവർക്കും തുടർ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക ആവശ്യമായിരുന്നു. ഈ വിഭാഗത്തിന് നിർമ്മാണ സാമഗ്രികളായും തൊഴിലാളികളുടെ കൂലി ഇനത്തിലും ഒക്കെ സഹായം നൽകി. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും പൂൾ ചെയ്ത് വിതരണം ചെയ്യാൻ ബ്ലോക്ക് പഞ്ചായത്തും യത്നിച്ചു. ഫലമോ ഒരിക്കലും പൂർത്തിയാവില്ലെന്ന് കരുതിയ വീടുകൾ ഓരോന്നോരോന്നായി പൂർത്തീകരിക്കാൻ തുടങ്ങി. ഇനി വിരലിലെണ്ണാവുന്ന വീടുകൾ കൂടിയാണ് പണി തീരാതെ ബാക്കിയുള്ളത്.

പൂർത്തീകരിച്ച വീടുകളുടെ സമർപ്പണച്ചടങ്ങ് നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇ.ടി. മുഹമ്മദ് ബഷീർ എം.പി ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു. യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ അദ്ധ്യക്ഷനായിരുന്നു.

പൂർത്തീകരിച്ച ഐ.എ.വൈ വീടുകളുടെ താക്കോൽ ദാനം തിരൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ.കെ. ഹഫ്സത്ത് നിർവഹിച്ചു. പുറത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഫാത്തിമത്ത് സുഹറ തിരൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വക്കറ്റ് എം. നസറുള്ള മറ്റു ജനപ്രതിനിധികൾ എന്നിവരും പങ്കെടുത്തു.

സി.പി. കുഞ്ഞിമൂസ കുറുമ്പടിയാണ് ഈ കൂട്ടായ്മയുടെ ചെയർമാൻ. പ്രസിഡന്റ് സദക്ക് പുറത്തൂരും ജനറൽ സെക്രട്ടറി പി.പി. ജയാനന്ദനും ട്രഷറർ എം.പി ഫൈസലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. അഞ്ച് വർഷത്തിനുള്ളിൽ അഞ്ഞൂറ് വീടുകളാണ് ഈ കൂട്ടായ്മ ലക്ഷ്യമിടുന്നത്. ഭവനരഹിതരില്ലാത്ത പുറത്തൂർ എന്ന സ്വപ്നം ഇവരിലൂടെ യാഥാർത്ഥ്യമാകും എന്നു പ്രതീക്ഷിക്കാം.●

*ലേഖകന്റെ ഫോൺ നം. 9847224424*

# ചെറ്റക്കുടിലിൽ നിന്ന് പുത്തൻ വീട്ടിലേക്ക്

**പി. കേശവദാസ്**



കാളികാവ് ബ്ലോക്കിൽ എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ പാതിരിക്കോട് മാങ്ങോട്ടിൽ കുട്ടിരാമനും കുടുംബത്തിനും ഇനി സർക്കാർ ഒരുക്കിയ വീടുണ്ട്. നിർദ്ധനനും നിത്യരോഗിയും പട്ടികജാതി വിഭാഗത്തിൽപ്പെട്ടയാളുമായ കുട്ടിരാമനും ഭാര്യ ചക്കിയും 2 പെൺമക്കളുമടങ്ങുന്ന കുടുംബവും ഒരു പശുവും 7 വർഷമായി താമസിക്കുന്നത് ഓലയും പഴയ ഫ്ളക്സ് ഷീറ്റും മറച്ചുണ്ടാക്കിയ കൂരയിലാണ്. 4 വർഷം മുമ്പ് ഇന്ദിരാ ആവാസ് യോജന പദ്ധതിയിൽ ബ്ലോക്കിൽ നിന്ന് വീട് അനുവദിച്ചുവെങ്കിലും സാമ്പത്തിക പ്രയാസം മൂലം തറ നിർമ്മിക്കുവാൻ മാത്രമേ കഴിഞ്ഞുള്ളു. ഭർത്താവിന് കടുത്ത പ്രമേഹവും തുടർന്ന് ഹൃദയാഘാതവും സംഭവിച്ചതിനാൽ ഭാര്യ ചക്കിക്ക് കൂലിവേലയ്ക്കുപോകുവാനും സാധിച്ചില്ല.

നിർമ്മാണം മുടങ്ങിക്കിടക്കുന്ന വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള ഗ്രാമവികസന കമ്മീഷണറുടെ നിർദ്ദേശത്തെ തുടർന്നുള്ള തീവ്രയജ്ഞ പരിപാടിയുടെ ഭാഗമായി കേന്ദ്ര ഗ്രാമവികസനമന്ത്രാലയവും സംസ്ഥാന സർക്കാരും ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (എൻ.ആർ.എൽ.എം) വഴി ഗ്രാമീണ യുവതീയുവാക്കൾക്ക് വിവിധ ട്രേഡുകളിൽ വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി സ്വയം തൊഴിലിന് പര്യാപ്തമാക്കുന്ന ഡി.ഡി.യു.ജി.കെ.വൈ (ദീൻ ദയാൽ ഉപദ്ധ്യായ ഗ്രാമീണ കൗശല്യ യോജന) പദ്ധതിയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തി മുടങ്ങിക്കിടക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുവാനുള്ള കർമ്മപദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചത്.

ഇതു പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ 40 ദിവസം ജോലി ചെയ്ത 30 സ്ത്രികളെ സംഘടിപ്പിച്ചുകൊണ്ട് റൂറൽ മേസനറിയിൽ എസ്. ബി ഗ്ലോബൽ എന്ന പരിശീലന സ്ഥാപനം മുഖേന 52 ദിവസത്തെ ക്ലാസ്സ് റൂം പരിശീലനവും 22 ദിവസത്തെ പ്രായോഗിക പരിശീലനവും നൽകി ഇവരെ വിദഗ്ദ്ധ തൊഴിലാളികളാക്കി. ഇവരുടെ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായാണ് 6 പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധനരുടെ വീട് നിർമ്മാണം ആരംഭിച്ചത്.

വീട് നിർമ്മാണത്തിനാവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിന് ബ്ലോക്കിൽ നിന്ന് തുക മുൻകൂറായി അനുവദിച്ചുവെങ്കിലും നോട്ട് നിരോധനത്തെത്തുടർന്ന് ബാങ്കിൽനിന്ന് പണം ലഭിച്ചില്ല. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അഭ്യർത്ഥന പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ക്വാറിയിൽ നിന്ന് ചെങ്കല്ലും, സിമന്റ് കട്ടിള, ജനൽ എന്നിവയും വായ്പയായി സംഘടിപ്പിച്ച് നൽകി. നിർമ്മാണ സ്ഥലത്തേക്ക് വാഹനം എത്താത്തതിനാൽ സാധനങ്ങൾ തലച്ചുമടായി കൊണ്ടുപോകുവാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഒരു പ്രമുഖ യുവജനസംഘടന (ഡി.വൈ.എഫ്.ഐ) യുടെ ഭാരവാഹികളെ കണ്ട് ചർച്ച് നടത്തി. അവർ സന്നദ്ധസേവനം വഴി മുഴുവൻ സാധനസാമഗ്രികളും നിർമ്മാണ സ്ഥലത്തെത്തിച്ചു. സാധനങ്ങൾ എത്തിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കാപ്പിൽ ഷൗക്കത്തലിയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും പൂർണ്ണസമയവും യുവാക്കളോടൊപ്പം ചേർന്നു.

വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ വൻജനാവലിയുടെ സാന്നിധ്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ അദ്ധ്യക്ഷതയിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി ഖാലിദ് മാസ്റ്റർ നിർവ്വഹിച്ചു. പരിശീലനം നേടിയ സ്ത്രീകൾ സൗജന്യസേവനമായി വീടിന്റെ ചുമർനിർമ്മാണം, കട്ടിള, ജനൽ വെക്കൽ എന്നിവ 3 ദിവസംകൊണ്ട് പൂർത്തീകരിച്ചു. ഇരുമ്പ് കഴുക്കോലും പട്ടികയും ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുന്ന ഇൻഡസ്ട്രിയൽ ഉടമകളുമായി ഗ്രാമപഞ്ചായത്തു പ്രസിഡന്റും ബ്ലോക്ക് മെമ്പറും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ധാരണയിലെത്തി. കുട്ടിരാമന്റെ വീടിന് ആവശ്യമായ ഓട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി എൻ. പി തനൂജ സൗജന്യമായി വാങ്ങി നൽകി. 2 വാതിലുകൾ സ്ഥലത്തെ അഭിഭാഷകൻ സംഭാവന ചെയ്തു.

2017 ജനുവരി 26 ന് ഗ്രാമപഞ്ചായത്തിൽ വെച്ച് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിൽ തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി കെ.ടി ജലീൽ കുട്ടിരാമന് വീടിന്റെ താക്കോൽ നൽകി ഉദ്ഘാടനം നിർവ്വഹിച്ചു. ഇത്തരത്തിൽ തൂവ്വൂർ ഗ്രാമപഞ്ചായത്തിലെ എടപ്പിലാൻ ശാന്ത ചന്ദ്രൻ, അമരമ്പലം ഗ്രാമപഞ്ചായത്തിലെ ത്രാക്കോടൻ ശാരദ തുടങ്ങി 7 നിർധനരായ പട്ടികജാതി കുടുംബങ്ങളുടെ മുടങ്ങിക്കിടന്നിരുന്ന വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ്, ഡി.ഡി.യു.ജി.കെ.വൈ, ഐ.എ.വൈ വിവിധ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് വീട് നിർമ്മാണം പൂർത്തീകരിക്കുന്നത് സംസ്ഥാനത്തും രാജ്യത്തും ആദ്യത്തെ സംരംഭമാണെന്ന് വിലയിരുത്തപ്പെടുന്നു. ഇവ ഉൾപ്പെടെ കാളികാവ് ബ്ലോക്കിനു കിഴിലെ 7 ഗ്രാമപഞ്ചായത്തുകളിലായി 2017 മാർച്ച് വരെ നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന 506 വീടുകളാണ് ഇപ്പോൾ നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്.●







# മിനിസ്റ്റർ ഓൺലൈൻ





**Dr KTJaleel Minister's Office** added 2 new photos

ഇന്ന് ജൂൺ 5
ലോകപരിസ്ഥിതി ദിനം
'ജനങ്ങളെ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തുക' എന്നതാണല്ലോ ഈ പരിസ്ഥിതി ദിനത്തിന്റെ മുദ്രാവാക്യം.
ഒരു കോടി വൃക്ഷത്തൈകൾ നട്ടുകൊണ്ടാണ് കേരളം ഇതിൽ അണിചേർന്നത്.
700 കോടി ജനങ്ങൾ സ്വപ്നം കാണുന്നത് ഒരേ ഒരു ഭൂമിയുടെ പച്ചപ്പിലാണ്.
അതു നമുക്ക് സംരക്ഷിച്ചേ തീരൂ.
'ഈ ഭൂമി വരുംതലമുറയ്ക്ക് കൈമാറിക്കൊടുക്കാൻ ചുമതലപ്പെട്ട സൂക്ഷിപ്പുകാരാണ് നാമെ'ന്നത് നമുക്ക് മറക്കാതിരിക്കാം.
പ്രകൃതിയെ ഓർമ്മിക്കാൻ എന്തിനൊരു ദിനം എന്നു ചോദിക്കുന്നവരെ, അമ്മയെ ഓർമ്മിക്കാനും നമുക്കൊരു ദിനം വേണ്ടി വന്നുവെന്ന് ഓർമ്മിപ്പിക്കാം.
ഈ പരിസ്ഥിതി ദിനത്തിൽ ആലസ്യം മറന്ന് കർമ്മനിരതരായ തദ്ദേശ ഭരണസ്ഥാപനങ്ങളെയും, ജനപ്രതിനിധികളെയും, സന്നദ്ധപ്രവർത്തകരെയും മുഴുവൻ പരിസ്ഥിതി സ്നേഹികളെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.
ഇത് വിരാമമില്ലാത്ത ദൗത്യമാണ്.
ഇന്ന് നട്ട ഒരു തൈമരം പോലും വാടരുത്.
ഇനി ഒരു നദിയും ഒരു ചെറുനീർത്തോടും വരളരുത്.
ഒരു കിണറും വറ്റരുത്.
ഒരു തരി മണ്ണുപോലും വിഷം തീണ്ടരുത്.
ഈ പരിസ്ഥിതി ദിനത്തിൽ നമുക്ക് അതൊരു പ്രതിജ്ഞയാക്കാം.
മനസ്സിന്റെ പിൻഭിത്തിയിൽ ഒരിയ്ക്കലും മായാതെ കോറിയിട്ട അതിജീവനത്തിന്റെ പ്രതിജ്ഞ.











ഉയരുന്നത് ശബ്ദമില്ലാത്തവരുടെ ശബ്ദം
തെളിയുന്നത് ഇടമില്ലാത്തവരുടെ ഇടം
അവഗണനയുടെ നാളുകൾക്ക് അറുതി
സംസ്ഥാന സർക്കാർ ജനങ്ങൾക്കൊപ്പം

നവകേരളത്തിന്
1ാം വർഷം

May-June 2017
Annual Subscription Rs. 12.00

GrAMABHUMI
Bi-Monthly

RN. No. 36116/1980




Printed and Published by Ajitha Das, Chief Officer, Rural Information Bureau, Owned by B.S. Thirumeni IAS, Commissioner of Rural Development, Government of Kerala, Printed at Government Press, Mannanthala, Thiruvananthapuram. Published from Rural Information Bureau, 6th Floor, Swaraj Bhavan, Nandancode, Kawadiar PO, Thiruvananthapuram, Kerala-695 003. Chief Editor: Ajitha Das